കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുണ്ടേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

### ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.KSA/KNR/C6-2188/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.
e-mail: lfaddistofficeknr@gmail.com
ഫോൺ: 0497 2707698.

തീയ്യതി : 04-01-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

മുണ്ടേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുണ്ടേരി ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 ].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

പകർപ്പ്:-

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഇ-മെയിൽ വഴി)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി.

സീയാർ/

നം.കെ.എസ്.എ/കെ.എൻ.ആർ/സി6-2188/2016 തീയ്യതി : 04-01-2017.

# കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

മുണ്ടേരി ഗ്രാമ പഞ്ചായത്ത് 08-01-16 മുതൽ 04-12-16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്കം വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 05-12-16മുതൽ 19-12-16 വരെ | ശ്രീ. കെ.വി.പ്രമോദ് | ഓഡിറ്റ് ഓഫിസർ |
| | ശ്രീ. ശശീന്ദ്രൻ. കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.ശ്യാമള | 01-04-2015മുതൽ31-10-2015വരെ |
| | ശ്രീ.കെ.പങ്കജാക്ഷൻ | 19-11-2015മുതൽ31-03-2016വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | ശ്രീ.സി.പി.സജീവൻ(സെക്രട്ടറി) ശ്രീ.എൻ.എം.പ്രദീപൻ(കൃഷിഓഫീസർ) ശ്രീമതി.രജനി.എം. (ഐ.സി.ഡി.എസ് സൂപ്പർവൈസർ) | 1-11-2015മുതൽ18-11-2015 വരെ |
| സെക്രട്ടറി | ശ്രീ. പി.സദാനന്ദൻ. | 1-4-2015 മുതൽ 30-04-2015 വരെ |
| | ശ്രീമതി.എ.എം.രസിത (ചാർജ്ജ്) | 01-05-2015മുതൽ30-06-2015വരെ |
| | ശ്രീ. കെ.ദിനേശൻ (ചാർജ്ജ്) | 01-07-2015മുതൽ21-07-2015വരെ |
| | ശ്രീ. സജീവൻ സി.പി. | 22-07-2015മുതൽ31-3-2016 വരെ |

സി. <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മനോജ്കുമാർ ഐക്കോട്ടില്ലം | 01-04-2015മുതൽ18-6-2015വരെ |
| | ശ്രീ. ഹരീഷ് | 19-6-2015 മുതൽ19-08-15 വരെ |
| | ശ്രീ.നിജേഷ് പി | 19-08-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീ പ്രദീപൻ.എൻ.എം | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. കാഞ്ഞിരോട് | ശ്രീ. ശ്രീജിത് .ഒ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. മുണ്ടേരി | ശ്രീ. വിപിൻ | 1-4-2015 മുതൽ 13-03-16വരെ |
| | ശ്രീ.പ്രവീൺകുമാർ | 13-03-16 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. രജനി. പി. ഒ. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഹരീഷ് .പി. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സ്മിജ.എ.പി | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| (ആയുർവേദം) | | |
| വെറ്ററിനറി സർജൻ | ഡോ. ദീപ ജയപാൽ | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എ.എം.രസിത | 1-4-2015 മുതൽ 30-06-15 വരെ |
| | ശ്രീ.കെ.ദിനേശൻ | 1-7-2015 മുതൽ 22-09-15 വരെ |
| | | 1-2-2016 മുതൽ 31-3-2016 വരെ |
| | ശ്രീ.ടി.എം.ഉണ്ണിക്യഷ്ണൻ | 23-09-2015മുതൽ31-1-2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഒ.എം.ഗോപാലൻ | 1-4-2015മുതൽ01-06-2015 വരെ |
| | ശ്രീ.പി കരുണാകരൻ | 02-06-2015മുതൽ31-3-2016വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരഭരണ നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ദുരിതാശ്വാസ നിധി - ദുരിതമനുഭവിക്കുന്നവർക്ക് പ്രയോജനപ്പെടുന്നില്ല | 1-12 | |
| 13 | നീക്കിയിരിപ്പ് തുകയുടെ വിനിയോഗം ത്വരിതപ്പെടുത്തേണ്ടതാണ് | 1-13 | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 2-1 | |
| 15 | മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി വരുമാനം കുറയുന്നു. | 2-2 | |
| 16 | തൊഴിൽ നികുതി കണക്കാക്കുന്നതിൽ തെറ്റായി വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു. | 2-3 | |
| 17 | സി.ബി.എസ്.ഇ. സ്കൂൾ - യഥാർത്ഥ വരുമാനം കാണിക്കുന്നില്ല | 2-4 | |
| 18 | തൊഴിൽനികുതി കണക്കാക്കുന്നതിൽ ആർജ്ജിതാവധി ശമ്പളം ഉൾപ്പെടുത്തുന്നില്ല | 2-5 | |
| 19 | ഡി&ഒ ലൈസൻസ് നൽകുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ | 2-6 | |
| 20 | ഡി&ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം | 2-7 | |
| 21 | ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല | 2-8 | |
| 22 | പരസ്യനികുതി ഈടാക്കുന്നില്ല | 2-9 | |
| 23 | വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 2-10 | |

| | | | |
|---|---|---|---|
| 24 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975 ലെ കെ.ബി.ടി. ആക്ട് അനുസരിച്ചുള്ള നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 2-11 | |
| 25 | വസ്തുനികുതി പരിഷ്കരണം മേഖലാ വിഭജനം- വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി രേഖപ്പെടുത്തേണ്ടതാണ്. | 2-12 | |
| 26 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കുന്നില്ല. വരുമാന നഷ്ടം പരിശോധിക്കേണ്ടതാണ്. | 2-13 | |
| 27 | റോഡ് കട്ടിംഗ് ചാർജ് തിരികെ നൽകുന്നത്- പ്രവൃത്തി പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്. | 2-14 | |
| 28 | ടെണ്ടർ ഫീസ് 86,835 രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 2-15 | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 29 | സേവാഗ്രാമം ഗ്രാമകേന്ദ്രം- മാർഗ്ഗരേഖപ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല | 3-1 | |
| 30 | സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പ്രവർത്തന ക്ഷമമല്ലാത്തതും ആവശ്യമില്ലെന്ന് കണ്ടെത്തിയതുമായ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതാണ്. | 3-2 | |
| 31 | തെരുവുവിളക്ക് അറ്റകുറ്റപ്പണി – കരാറുകാരൻനിർവ്വഹിച്ച പ്രവൃത്തിയേക്കാൾ പ്രതിഫലം നൽകി-1,59,950 രൂപ നിരാകരിക്കുന്നു. | 3-3 | |
| 32 | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികരാർ- നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 3-4 | |
| 33 | തെരുവുവിളക്ക് സ്ഥാപിക്കൽ ലൈൻവലിക്കൽ വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല-ചെലവ് തുക 12,31,815 രൂപ തടസ്സത്തിൽ വെക്കുന്നു. | 3-5 | |

| | | | |
|---|---|---|---|
| 34 | അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താതെ വാങ്ങിയ തെരുവുവിളക്കുകൾ ഗ്യാരണ്ടി കാലാവധിക്കുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-6 | |
| 35 | 'മീഡിയാശ്രീ' പദ്ധതി - എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. വിനിയോഗ വിവരങ്ങൾ ലഭ്യമല്ല ചെലവുതുക 65,000/- തടസ്സത്തിൽ വെക്കുന്നു. | 3-7 | |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ ആവശ്യപ്പെട്ട മരുന്നുകൾക്ക് പകരം മരുന്നുകൾ നൽകി തുക ക്രമീകരിക്കുന്ന നടപടി പരിശോധിക്കേണ്ടതാണ്. | 3-8 | |
| 37 | ജലനിധി പദ്ധതി – സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-9 | |
| 38 | മഴക്കാലപൂർവ്വ ശുചീകരണം മഴയ്ക്കുശേഷം – ചെലവു രേഖകളുടെ അഭാവത്തിൽ 80,292 രൂപ തടസ്സപ്പെടുത്തുന്നു, | 3-10 | |
| 39 | എസ്.എസ്.എ. വിഹിതം വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. 661098രൂപ തടസ്സപ്പെടുത്തുന്നു. | 3-11 | |
| 40 | പാലിയേറ്റീവ് പരിചരണം – തുക ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല 60,000/- തടസ്സപ്പെടുത്തുന്നു. വാഹന വാടക അധികമായി നൽകി- 5900 രൂപ നിരാകരിക്കുന്നു. | 3-12 | |
| 41 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗിക്കാത്ത തുക തിരിച്ചീടാക്കേണ്ടതാണ്. | 3-13 | |
| 42 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ - അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്. | 3-14 | |
| 43 | പൂർത്തീകരിക്കാത്ത ഭവനനിർമ്മാണം – നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. | 3-15 | |

| | | | |
|---|---|---|---|
| 44 | മുണ്ടേരി പക്ഷിസങ്കേതം – പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 3-16 | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 2 | Receipt and Payment Statement | അനുബന്ധം-2 | |
| 3 | Income and Expenditure Statement | അനുബന്ധം-3 | |
| 4 | Balance Sheet | അനുബന്ധം-4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 18-3-15 ലെ 26/15 ലെ നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് ₹ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1,12,73,000 | 3,12,56,634.50 | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്ന തുക ഉൾപ്പെടുത്തിയും, റസീറ്റ് & പെയ്മെന്റ് പത്രികയിൽ ഇവ ഉൾപ്പെടുത്താതെയുമാണ് ബജറ്റ് തയ്യാറാക്കിയത്. ആയതിനാൽ താരതമ്യ വിശകലനം സാധ്യമായിട്ടില്ല. |
| വരവ് | 14,96,00,000 | 7,24,29,165.00 | |
| ആകെ | 16,08,73,000 | 10,36,85,799.50 | |
| ചെലവ് | 15,14,70,000 | 7,64,79,018.00 | |
| നീക്കിയിരിപ്പ് | 94,03,000 | 2,72,06,781.50 | |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ്-ചെലവ് തുകകൾ തമ്മിൽ ഭീമമായ തുകയുടെ അന്തരമുണ്ട് വരുംവർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30-7-2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 7-12-2016 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

<u>വാർഷിക ധനകാര്യപത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.</u>

1. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ B11 പത്രികയിലെ തുകകളുടെ

കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. വാർഷിക കണക്കുകൾക്കൊപ്പം Cash Flow Statement അക്കൗണ്ടിംഗ് രീതി അനുസരിച്ച് തയ്യാറാക്കിയിട്ടില്ല.
3. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
4. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. വസ്തുനികുതി കുടിശ്ശിക, കുടിശ്ശിക വരവ്, തൻവർഷ ഡിമാന്റ്, തൻവർഷ വരവ് ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. (2014-15 -B15 പ്രകാരം വസ്തുനികുതി കുടിശ്ശിക 4,87,600രൂപ, 2015-16 I-18 പ്രകാരം വരവ് 22,333 രൂപ, ബാലൻസ് തുക 5,09,933 രൂപ. എന്നാൽ 2015-16 RP 43 പ്രകാരം വരവ് 3,72,312/-രൂപ, വ്യത്യാസം-1,37,621രൂപ. വസ്തുനികുതി 2015-16 ലെ തൻവർഷ ഡിമാന്റ് 1-1 പത്രിക പ്രകാരം 31,17,922രൂപ, RP 43 പ്രകാരം തൻവർഷ വരവ് 27,78,979 രൂപ – ഇതു പ്രകാരം ബാലൻസ് തുക 3,38,943രൂപയാണ് എന്നാൽ B15 പത്രികയിലുള്ള തുക 3,70,901 രൂപയാണ്.
6. 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക B4 പത്രിക പ്രകാരം 2,23,925 രൂപ സംയുക്ത പ്രോജക്ടിനത്തിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 2015-16 വർഷത്തിൽ തന്നെ ചെലവഴിച്ച തുകയാണ്. നീക്കിയിരിപ്പ് തുക തെറ്റായാണ് കാണിച്ചിട്ടുള്ളത്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,12,56,634.50 |
| വരവ് | 7,24,29,165.00 |
| ആകെ | 10,36,85,799.50 |
| ചെലവ് | 7,64,79,018.00 |
| നീക്കിയിരിപ്പ് | 2,72,06,781.50 |

## 1-5 ഫണ്ട് വിനിയോഗം

| | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 1808280 | 14277544 | 16085824 | 16085824 | | 0 |
| വികസനഫണ്ട് (എസ്.സി.പി) | 509215 | 2094000 | 2603215 | 2603215 | 319215 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 9000 | 9000 | 9000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1314319 | 9509000 | 10823319 | 10823319 | | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 54412 | 3360000 | 3414412 | 3414412 | | 0 |
| 13-ാംധനകാര്യ കമ്മീഷൻ അവാർഡ് | 65568 | 3807923 | 3873491 | 3873491 | 2140225 | 0 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 588.50 | 9896608 | 9897196.5 | 9896574.5 | | 622 |
| ബി. ഫണ്ട് | 0 | 581920 | 581920 | 581920 | 73771920 | 0 |
| ലോകബാങ്ക്സഹായം | 3456000 | -- | 3456000 | 3456000 | 3456000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 105 | 47265030 | 93 | 37137613 | 7 | 5 | 88.57 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55,02,148 | 45,36,231 | 9,65,917 | -17.55 |
| നികുതിയേതര വരവുകൾ | 10,65,390 | 9,75945 | 89,445 | -8.39 |
| ആകെ | 65,67,538 | 55,12,176 | 10,55,362 | - 16.06 |

തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 ക്ഷേമപദ്ധതികൾ

2015-16വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,84,920 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 38,84,990 | 565 |
| വിധവാ പെൻഷൻ | 1,01,74,880 | 1168 |
| വാർദ്ധക്യകാല പെൻഷൻ | 1,32,54,240 | 1806 |
| വികലാംഗ പെൻഷൻ | 32,05,150 | 329 |
| അവിവാഹിത പെൻഷൻ | 13,37,040 | 156 |
| വിവാഹ ധനസഹായം | 3,50,000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-12-2016 ന് 2.50 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 4,818 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരഭരണനിയന്ത്രണം.

ആസൂത്രണ പ്രകിയയുടെ നടത്തിപ്പ് കേന്ദ്രമായി പ്രവർത്തിക്കുന്നതോടൊപ്പം പൊതുജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതു സ്ഥാപനം എന്ന നിലയിലുള്ള ബൃഹത്തായ ചുമതലകൾ നിർവ്വഹിക്കേണ്ടുന്ന കേന്ദ്രം എന്ന നിലയിലും ഗ്രാമപഞ്ചായത്തുകൾക്ക് വിപുലമായി ഉത്തരവാദിത്തങ്ങളാണുള്ളത്. വിപുലമായ ഈ ചുമതലകൾ നിർവ്വഹിക്കുന്നതിന് കാര്യക്ഷമമായ ആഭ്യന്തരഭരണ സംവിധാനങ്ങൾ ആവശ്യമാണ്. ഓഡിറ്റിന്റെ ഭാഗമായ പരിശോധനയിലും വിശകലനത്തിലും ആഭ്യന്തരഭരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടുന്ന സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നത്. ഫയൽ സൂക്ഷിപ്പ്

കാര്യക്ഷമമല്ല. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കിയിട്ടില്ല. ആഭ്യന്തരഭരണ സംവിധാനങ്ങൽ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 18-1-2007 ലെ എച്ച്.1-13880/2006 സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/09/2009 മുതൽ 03/10/2009 വരെ | 2004-05 മുതൽ 2008-09 വരെ | 11/11/2009 |
| പെർഫോമൻസ് ഓഡിറ്റ് | 22-11-2016 മുതൽ 24-11-2016 വരെ | 10/2016 | ലഭ്യമായിട്ടില്ല. |

## 1-12 ദുരിതാശ്വാസനിധി-ദുരിതമനുഭവിക്കുന്നവർക്ക് പ്രയോജനപ്പെടുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഈയിനത്തിൽ 24,549/- രൂപ മുന്നിരിപ്പുണ്ട്. തൻവർഷത്തെ വരവ് 5,055/- രൂപയാണ്. 2015-16 സാമ്പത്തികവർഷാവസാനം ഫണ്ടിൽ 28,604/-രൂപ നീക്കിയിരിപ്പുണ്ട്. 1,000/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ദുരിതാശ്വാസനിധിയെ സംബന്ധിച്ച ചട്ടം 5(1) പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ ക്യാഷ് ബുക്ക്, ചട്ടം 5(3) പ്രകാരമുള്ള രസീത് ബുക്ക്, രജിസ്റ്ററുകൾ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം , മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ദുരിതമനുഭവിക്കുന്നവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ആവശ്യമായ പ്രചാരണം നടത്തി ക്രിയാത്മകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 നീക്കിയിരിപ്പുതുകയുടെ വിനിയോഗം ത്വരിതപ്പെടുത്തേണ്ടതാണ്

2015-16 വാർഷിക ധനകാര്യ പത്രികയിലെ ഫണ്ട് നീക്കിയിരിപ്പ് തുകയിൽ താഴെപറയുന്ന തുകകൾ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

1. ശുചിത്വ മിഷൻ - 4,58,000

2. ഐ.സി.ഡി.എസ്. – 9,12, 647

3. സ്പെസിഫിക് പർപ്പസ് ഗ്രാന്റ് - 207,844

4. ജലനിധി - 17,54,211

പ്രസ്തുത തുകകളിൽ 4,58,000 രൂപ ജൈവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷനിൽ നിന്നും 2015-16 ൽ ലഭിച്ചതുകയാണ്. ഈ തുക 2016 ൽ ചെക്ക് നം. 157601തീയതി 4-3-2016 തീയതിയിലാണ് ലഭിച്ചത്. പ്രസ്തുത തുക തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 1CDS ജില്ലാപഞ്ചായത്ത് വിഹിതമായ 912647രൂപയും, സ്പെസിഫിക് പർപ്പസ് ഗ്രാന്റായി ലഭിച്ച 207,844 രൂപയും, ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് ഉള്ളത്. ഈതുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധനയിൽ കണ്ട അപാകങ്ങൾ

### 1- രശീതി ബുക്ക് -പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഓരോ രശീതി പുസ്തകത്തിലും ആ രശീതി പുസ്തകത്തിലെ പേജുകളുടെ എണ്ണം സംബന്ധിച്ച ഒരു സാക്ഷ്യപത്രം സെക്രട്ടറി രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നാൽ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിട്ടുള്ള ഒട്ടുമിക്ക രശീതി പുസ്തകത്തിലും ഇത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ

26491, 26487, 26481, 29503, 29531, 29532, 29533, 29534, 29535

തുടർന്നങ്ങോട്ട് നിർബന്ധമായും ഇത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തി രശീതികൾ ആധികാരികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ വിവിധ വരവുകൾ പിരിച്ചെടുക്കാനുപയോഗിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത രശീതികൾക്ക് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

26473/96, 26483/77, 26473/24, 26467/11, 26480/63, 29510/96.

3. രശീതിയിലെ തിരുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

രശീതിയിലെ തുകകളിൽ തുക പിരിച്ചെടുക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ തിരുത്തലുകൾ വരുത്തുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത രശീതികൾക്ക് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

26466/43, 26480/50, 26480/12.

ഗ്രാമപഞ്ചായത്ത് വിവിധയിനങ്ങളിലുള്ള വരവുതുക സ്വീകരിക്കുമ്പോൾ നൽകുന്ന രശീതികളിൽ

ഏതെങ്കിലും വിധത്തിലുള്ള തിരുത്തലുകൾ വരുത്തുമ്പോൾ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പണമിടപാടിലെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 മുഴുവൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല; തൊഴിൽ നികുതി വരുമാനം കുറയുന്നു.

2015-16 വർഷത്തിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ 469 വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനപേക്ഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം 396 വ്യാപാരികളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. മാത്രമല്ല 2014-15 ൽ 471 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഏതൊക്കെ വ്യാപാരസ്ഥാപനങ്ങളിൽ നിന്നാണ് തൊഴിൽനികുതി ഈടാക്കാത്തത് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 2014-15ൽ വ്യാപാരികളുടെ തൊഴിൽനികുതി വരവ് 3,43,580/- രൂപയായിരുന്നു. 2015-16 വർഷത്തിൽ ഇത് 3,18,180/- രൂപയായി കുറഞ്ഞു. 25,400/- രൂപയുടെ കുറവ്. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിലെ ഡിമാന്റ് 3,18,180/- രൂപയാണ്.

യഥാർത്ഥത്തിലുള്ള ഡിമാന്റ് കണക്കാക്കാതെ വരവ് തന്നെ ഡിമാന്റായി തെറ്റായി കണക്കാക്കുന്ന രീതി ഒഴിവാക്കേണ്ടതും വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽനികുതി ഈടാക്കാത്ത വ്യാപാരസ്ഥാപനങ്ങൾ കണ്ടെത്തി മുഴുവൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി കണക്കാക്കുന്നതിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 (3) ന്, 24.08.2005 ലെ 31-ാം ആക്റ്റ് പ്രകാരം ഉൾപ്പെടുത്തിയ വിശദീകരണമനുസരിച്ച് ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലുമുള്ള മൊത്തവരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ 2015-16 വർഷത്തിൽ ഇതിനു വിരുദ്ധമായി വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് തൊഴിൽ നികുതി സ്വീകരിച്ചിരിക്കുന്നത്. വീട്ടുവാടക ബത്ത ഉൾപ്പെടുത്തി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | കൃഷി ഭവൻ, മുണ്ടേരി |
| 2 | മുണ്ടേരി എൽ.പി. സ്കൂൾ |
| 3 | കാഞ്ഞിരോട് സെൻട്രൽ എൽ.പി. സ്കൂൾ |
| 4 | മുണ്ടേരി സെൻട്രൽ യു.പി. സ്കൂൾ |

| | |
|---|---|
| 5 | ഗവ.വെറ്ററിനറി ഡിസ്പെൻസറി, മുണ്ടേരി |
| 6 | ഏച്ചൂർ ഈസ്റ്റ് എൽ.പി. സ്കൂൾ |

തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കിയതു വഴി അധികനികുതി ഒടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ചകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാത്രമാണ് ഉത്തരവാദി.

## 2-4 സി.ബി.എസ്.ഇ. സ്കൂളുകൾ-യഥാർത്ഥ വരുമാനം കാണിക്കുന്നില്ല

സി.ബി.എസ്.ഇ. അഫിലിയേഷനുള്ള സ്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് നല്കുന്ന ശമ്പളത്തിലും അലവൻസിലും കുറയാത്ത തുക നല്കണമെന്ന് കേന്ദ്രസർക്കാരിന്റെ 29.09.2009 ലെ സർക്കുലർ നമ്പർ 1 പ്രകാരം പുറപ്പെടുവിച്ച 2009ലെ സി.ബി.എസ്.ഇ. അഫിലിയേഷൻ നിയമാവലിയുടെ അധ്യായം 2, റൂൾ 3.3 J(5)ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുമ്പോൾ വളരെ തുച്ഛമായ വരുമാനം രേഖപ്പെടുത്തി തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാകുന്നതായികാണുന്നു. മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ കെ.എം.ജെ. ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇപ്രകാരം കുറഞ്ഞ വരുമാനം രേഖപ്പെടുത്തി റിട്ടേൺ സമർപ്പിച്ചതായി കാണുന്നു.

തെറ്റായ റിട്ടേണുകൾ സമർപ്പിക്കുകവഴി തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഉത്തരവാദികളുടെ പേരിൽ നടപടി കൈക്കൊള്ളേണ്ടതുമാണ്.

## 2-5 തൊഴിൽനികുതി കണക്കാക്കുന്നതിൽ ആർജിതാവധിശമ്പളം ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 (3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം (വീട്ടുവാടക ബത്ത ഒഴികെ) എല്ലാ മാർഗ്ഗങ്ങളിലുമുള്ള മൊത്തവരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ 2015-16 വർഷത്തിൽ ഇതിനു വിരുദ്ധമായി വരുമാനത്തിൽ ആർജിതാവധിശമ്പളം ഉൾപ്പെടുത്താതെയാണ് ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കിയിരിക്കുന്നത്. ആർജിതാവധിശമ്പളം ഉൾപ്പെടുത്താതെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | മുണ്ടേരി ഗ്രാമപഞ്ചായത്ത് |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. |

| | |
|---|---|
| 3 | വില്ലേജ് ഓഫീസ്, കാഞ്ഞിരോട് |
| 4 | വില്ലേജ് ഓഫീസ്, മുണ്ടേരി |
| 5 | പ്രാഥമികാരോഗ്യകേന്ദ്രം, മുണ്ടേരി |

തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ ആർജിതാവധിശമ്പളം കൂടി ഉൾപ്പെടുത്തിയാണ് വരുമാനം കണക്കാക്കിയിരിക്കുന്നത് എന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടില്ല എന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടി എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് നൽകുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ

ക്ലിനിക്കൽ ലാബുകൾ, ആശുപത്രികൾ, നഴ്സിങ് ഹോമുകൾ മുതലായവയ്ക്ക് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും 1998ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റ്ലിങ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേണ്ടതാണ്. (09.02.11ലെ 47724/ DC1/ 2011/LSGD സർക്കുലർ കാണുക)

മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനഉടമയുടെ പേര് | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|---|
| 1 | മുഹമ്മദ്ബഷീർ.എൻ.പി<br>എൻ.പി.ഹൗസ്,<br>കടാങ്കോട്, വാരം | അക്യുറേറ്റ് ഡയഗ്നോസ്റ്റിക് സെന്റർ | 16/84 |
| 2 | മിനി ആലക്കണ്ടി<br>നിർമാല്യം, ചാലോട് | ആര്യ ക്ലിനിക്കൽ ലബോറട്ടറി | 6/274 |
| 3 | ഡോ.ഗീതി പി<br>രമണിക, വട്ടിപ്രം | ദന്തൽ ക്ലിനിക് | 9/36a14,36a25 |
| 4 | കെ.അനീഷ്,<br>സമൃദ്ധി, ഏച്ചൂർ | ദന്തൽ ക്ലിനിക് | 15/565,566 |
| 5 | അനിൽ ളുണോളി, | ദന്തൽ ക്ലിനിക് | 2/260 |

| | | | |
|---|---|---|---|
| | മുണ്ടേരി മെട്ട | | |
| 6. | കെ.ഷീല<br>കണിയാങ്കണ്ടി ഹൗസ്<br>അതിരകം, മുണ്ടയാട് | ലക്ഷ്മി ക്ലിനിക്കൽ ലാബ് | 1/369,440 |

വ്യാജസോഡാ നിർമ്മാണവും വില്പനയും തടയുന്നതിന് 26.10.2006ലെ 49328/c3 /2005/തസ്വഭവ സർക്കുലർ, 30.05.2007ലെ 46836/ ആർ.സി.3/05/ ത.സ്വ.ഭ.വ. സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ശ്രീ.വിജേഷ് എടവലത്ത്, ഏച്ചൂർ എന്നയാൾക്ക് സോഡനിർമ്മാണത്തിന് ലൈസൻസ് നൽകിയിരിക്കുന്നത് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെയാണ്.

ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകങ്ങൾ ഒഴിവാക്കുന്നതിന് സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.എന്നാൽ 2015-16വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം. | പേര്, സ്ഥാപനം | സ്ഥാപനം | വാർഡ്, കെട്ടിടനമ്പർ | അപേക്ഷ നൽകിയതീയ്യതി |
|---|---|---|---|---|
| 1 | വി.വി.അബ്ദുൾഖാദർ<br>വി.പി.ഹൗസ്, മുണ്ടേരി | സ്റ്റേഷനറി കച്ചവടം | I/361,362 | 28-03-16 |
| 2 | തച്ചുകുന്നമ്മൽ രാമചന്ദ്രൻ<br>ദമയന്തി സൗധം<br>കാഞ്ഞിരോട് | സ്റ്റേഷനറി കച്ചവടം | 8/194 | 28-03-16 |
| 3 | ശ്രീധരൻ പാറേത്ത്<br>അഭിലാഷ് ഭവൻ<br>കോളിൻമൂല | സിമെന്റ് വിൽപന | 20/420 | 28-03-16 |

| | | | | |
|---|---|---|---|---|
| 4 | എം.എൻ ഹമീദ് റോസ് ഹൗസ് പാറോത്തുംചാൽ | പലചരക്ക്, ഫാൻസി | 8/426,427 | 28-03-16 |
| 5 | സുനിൽ കുമാർ കെ വാഴയിൽ ഹൗസ് താറ്റ്യോട് | ഗ്രിൽസ്,ഗേറ്റ് നിർമ്മാണം | 10/233 | 30-03-16 |
| 6 | ചാലാടൻ ബാലൻ ഷൈനി നിവാസ് തലമുണ്ട | ഹോട്ടൽ | 9/898 | 30-03-16 |

ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേ.പ.രാ നിയമത്തിലെ 255 വകുപ്പ് പ്രകാരമുള്ള നടപടി (1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം2കാണുക.) സ്വീകരിച്ചിട്ടില്ല. ഡി&ഒ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ ചില സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലും ഭരണസമിതി യോഗങ്ങളിലും ചർച്ച ചെയ്യുകയും ചട്ടപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യാപാരികളുടെ യോഗം അതത് സ്ഥലങ്ങളിൽ വിളിച്ചുചേർത്ത് ബോധ വത്കരണം നടത്തുകയും നോട്ടീസ് അയച്ച് മുഴുവൻ പേരേയും അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയഎൻക്വയറി നമ്പർ 13തീയ്യതി 08-02-16 ന് മറുപടി നൽകുകയുണ്ടായി.

ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനവുമില്ല-

ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാതെയാണ് ലൈസൻസ് ഫീ നിർണ്ണയിച്ച് ലൈസൻസ് പുതുക്കി നൽകുന്നത്. ഇപ്രകാരം ലൈസൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് സെക്രട്ടറി തീരുമാനം രേഖപ്പെടുത്തുന്നില്ല. പുതുതായി ആരംഭിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകളിൽമാത്രമേ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുള്ളൂ. എല്ലാ അപേക്ഷകളിന്മേലും സമയബന്ധിതമായി അന്വേഷണം നടത്തി മാത്രമേ ലൈസൻസ് അനുവദിക്കാവൂ.

<u>മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസെടുത്തിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം 520 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസെടുത്തിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ഇത് 469 ആയി കുറഞ്ഞു. 2015-16 വർഷത്തിൽ 47 സ്ഥാപനങ്ങൾ പുതുതായി ലൈസൻസെടുത്തിട്ടുണ്ടെന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ, 2014-15 വർഷം ഡി&ഒ ലൈസൻസെടുത്ത 98 സ്ഥാപനങ്ങൾ 2015-16 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്തിട്ടില്ല എന്ന് കാണാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന

വ്യാപാരസ്ഥാപനങ്ങളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ ഒരു റേഷൻകട മാത്രമാണ് ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്നത്. ആകെ എത്ര റേഷൻകടകൾ നിലവിലുണ്ട് എന്ന വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

ഡി&ഒ ലൈസൻസ് പുതുക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ മിക്കതിലും വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.ഇപ്രകാരം വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കപ്പെട്ട അപേക്ഷകൾക്ക് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | കെ.പി കുഞ്ഞാമു, മുണ്ടേരി പി.ഒ | 2/319 എ,ബി | ഹാർഡ് വേസ്റ്റ് വിൽപന | 200 |
| 2 | പ്രസിഡണ്ട്, കണ്ണൂർ ഡിസ്ട്രിക്ട് വുഡ് & അലുമിനിയം വർക്കേഴ്സ് സൊസൈറ്റി | 7/521 | ഫർണിച്ചർ നിർമ്മാണവും വിൽപനയും | 300 |
| 3 | തച്ചുകുന്നമ്മൽ രാമചന്ദ്രൻ ദമയന്തി സദനം കാഞ്ഞിരോട് | 8/194 | സ്റ്റേഷനറികച്ചവടം | 100 |
| 4 | ശ്രീധരൻ പാറേത്ത് അഭിലാഷ് ഭവൻ കോളിൽ മൂല | 20/420 | സിമെന്റ് വില്പന | 100 |
| 5 | വി.വി മനോഹരൻ വടക്കേവളപ്പിൽ ഹൗസ് പുറവൂർ | 4/369 | അനാദി കച്ചവടം | 100 |
| 6 | സുനിൽ കുമാർ കെ | 10/233 | വെൽഡിംഗ് ഷോപ്പ്, ഗ്രിൽസ്, ഗേയ്റ്റ് | 200 |

| | | | | |
|---|---|---|---|---|
| | വാഴയിൽ ഹൗസ് താറ്റ്യോട് | | നിർമ്മാണം | |

വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കപ്പെടുന്ന ഇത്തരം അപേക്ഷകളിൽ യാതൊരുവിധ അന്വേഷണവും നടത്താതെ ഡി&ഒ ലൈസൻസ് പുതുക്കി നൽകുന്നത് ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. G.O(Rt)795/LSGD 16-03-07പ്രകാരം ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം 30 മൈക്രോണിൽ താഴെയുള്ള പ്ളാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന സത്യവാങ്മൂലം നൽകേണ്ടതാണ്. എന്നാലീ നിർദ്ദേശം പാലിച്ചിട്ടില്ല.

## 2-9 പരസ്യ നികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുമരിന്മേലോ പരസ്യപ്പലകയിന്മേലോ എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ എതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ -209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പരസ്യനികുതിയിനത്തിൽ വരവില്ല. 209ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന എതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി.യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 2-10 വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുന്നില്ല

2015-16 കാലയളവിൽ 95 വിമുക്തഭടന്മാരുടെ വീടുകൾ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി 2-7-2013 ഉത്തരവ് അനുസരിച്ച് തറ വിസ്തീർണ്ണം 2000 സ്ക്വയർ മീറ്ററിൽ കവിയാത്ത വീടിനുമാത്രമേ ഇളവിന് അർഹതയുള്ളു. ഇളവ് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന് സാക്ഷ്യപത്രം ഹാജരാക്കണം. നികുതി ഇളവ് സംബന്ധിച്ച് എല്ലാവർഷവും ഏപ്രിൽ 10 ന് മുമ്പ് അപേക്ഷ നൽകണം. സൈനീക വിഭാഗമായ കര, നാവിക, വ്യോമവിഭാഗത്തിൽ നിന്നും റിട്ടയർ ചെയ്തവർക്ക് മാത്രമേ ഇളവിനർഹതയുള്ളു. വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ വിമുക്തഭടന്മാരുടെ കെട്ടിടങ്ങളുടെ വിവരം, കെട്ടിടത്തിന്റെ അളവ്, വിമുക്തഭടൻ ജോലി ചെയ്തിരുന്ന വിഭാഗം, ഓരോ വർഷവും നിശ്ചിത കാലയളവിനുള്ളിൽനികുതി ഇളവിനായി അപേക്ഷിച്ചതിന്റെ വിവരം, നികുതി ഇളവ്

അനുവദിച്ചതിന്റെ വിവരം എന്നിവ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 2-11 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975 ലെ കെ.ബി.ടി ആക്ട്ആനുസരിച്ചുള്ള നികുതികൾ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ത.സ്വ.ഭ (ആർ.ഡി) വകുപ്പിന്റെ 9-7-2015 ലെ സ.ഉ. (എം.എസ്) നം.231/15 ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ കെട്ടിട നികുതിയുടെ ആദ്യഗഡു വില്ലേജ് ഓഫീസിൽ ഒടുക്കിയിട്ടുള്ളതിന്റെ രശീതി പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ ആധികാരിക രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകി നികുതി നിർണ്ണയിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കണ്ണൂർ തഹസിൽദാരുടെ റഫ. സി.1/13602/16 തീയതി 27-7-16 കത്ത് പ്രകാരം ഒറ്റതവണ നികുതി നിർണ്ണയത്തിന് പുറമെ 1975 ലെ കെ.ബി.ടി. വകുപ്പ് (5എ) പ്രകാരമുള്ള ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തുനികുതി അടവാക്കി രസീത് നൽകാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. റവന്യൂവരവ് കാര്യക്ഷമമായി പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്രക്കാറിന്റെ മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആഡംബര നികുതി ഒടുക്കുന്നവരുടെ ലിസ്റ്റ് റവന്യൂ അധികാരികളിൽ നിന്നും ശേഖരിച്ച് വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിലും, ബിൽ കലക്ടർമാരുടെ ഹാൻഡ്ബുക്കിലും രേഖപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-12 വസ്തുനികുതി പരിഷ്കരണം- മേഖലാ വിഭജനം- വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2013-14 മുതൽ വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവധ പ്രദേശങ്ങളെ മേഖലാടിസ്ഥാനത്തിൽ പ്രാഥമികം, ദ്വീതീയം, ത്രീതീയം എന്നീ മേഖലകളായി തിരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ വിഭജനത്തെ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിട്ടുള്ള മേഖലകളെ സംബന്ധിച്ച പരിശോധന സാദ്ധ്യമാകുന്നില്ല. ഈ അപാകം പരിഹരിക്കേണ്ടതും, വാർഡടിസ്ഥാനത്തിലുള്ള മേഖലാ വിഭജന വിവരങ്ങൾ തയ്യാറാക്കേണ്ടതുമാണ്.

## 2-13 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കുന്നില്ല - വരുമാന നഷ്ടം പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1)പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കും. സാധുതാ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക്, സാധുതാ കാലയളവിൽ അപേക്ഷ സമർപ്പിച്ചാൽ ഓരോ 3 വർഷകാലത്തേക്ക് 2 തവണകൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ 9 വർഷ കാലയളവിനുശേഷം പെർമിറ്റ് നീട്ടുകയോ, പുതുക്കുകയോ ചെയ്യാൻ ഈ ചട്ടങ്ങളിലെ ആദ്ധ്യായം XA യിലെ 76 B യിൽ നിർദ്ദേശിച്ച വിധത്തിലുള്ള അംഗങ്ങൾ ഉൾപ്പെടുന്ന കമ്മറ്റിയുടെ ശുപാർശ ആവശ്യമാണ്. നിർമ്മാണപെർമിറ്റിനുള്ള അപേക്ഷ ലഭിച്ചാൽ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം അപേക്ഷയിന്മേൽ തീരുമാനം എടുക്കണമെന്ന് ചട്ടം 15 ൽ വ്യക്തമാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റിന് അപേക്ഷ ലഭിച്ച് 3 വർഷ സാധുതാ കാലയളവ് അവസാനിച്ചതിനുശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും, നിർമ്മാണാനുമതി നീട്ടി നൽകാതെയും തുടരുന്നതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റ് ഇല്ലാതെ ഭൂവികസനം, കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടത്താൻ പാടില്ല. പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ചവരുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ തീയതി, അസസ്സ്മെന്റ് നമ്പർ, വസ്തുനികുതി ചുമത്തിയത് എന്നിവയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. സമയാസമയം നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും പെർമിറ്റ് ഫീസ്, അധികഫീസ് എന്നീയിനത്തിലും നഷ്ടം ഉണ്ടാവാനുള്ള സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ 2009-10 മുതലുള്ള പെർമിറ്റ് രജിസ്റ്റർ പരിശോധിച്ച്, രേഖപ്പെടുത്തിയ ഓരോ അപേക്ഷയിലും പെർമിറ്റ് കാലാവധിക്കുള്ളിൽ പുതുക്കിയത് സംബന്ധിച്ചും, അനുവദിച്ച പെർമിറ്റുകളിൽ കാലയളവ് പൂർത്തിയായ അപേക്ഷകരിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തി വിവരങ്ങൾ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 2-14 റോഡ് കട്ടിംഗ് ചാർജ് തിരികെ നൽകുന്നത്- പ്രവൃത്തി പൂർത്തികരണം ഉറപ്പുവരുത്തേണ്ടതാണ്.

ശുദ്ധജല പൈപ്പ് ലൈൻ വലിക്കുന്നതിനുവേണ്ടി റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി വളരെയധികം അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നു. അപേക്ഷകളിലെല്ലാം അനുമതിയും നൽകിവരുന്നുണ്ട്. ഈയിനത്തിൽ ഓരോ പ്രവൃത്തിക്കും വേണ്ടിവരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ അപേക്ഷകർ ഒടുക്കുന്നുണ്ട്. പൈപ്പ് ലൈൻ വലിച്ചതിനുശേഷം കട്ട്ചെയ്ത റോഡ് അറ്റകുറ്റപണി നടത്തിയിട്ടുണ്ട് എന്ന കത്ത് നൽകിയതിനെ തുടർന്ന് പഞ്ചായത്തിൽ ഒടുക്കിയ തുക തിരികെ നൽകിവരികയാണ് ചെയ്തുവരുന്നത്. എന്നാൽ കട്ട്ചെയ്ത റോഡിന്റെ അപാകം പൊതുമരാമത്ത് പ്രവൃത്തിയുടെ രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അധികൃതർ പരിശോധിച്ച് രേഖാമൂലം റിപ്പോർട്ട് ചെയ്യുന്നതായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ കാണുന്നില്ല. മാത്രവുമല്ല ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ ആവശ്യത്തിന് കട്ട്ചെയ്ത ഭാഗം പൂർണ്ണമായും റീടാർ/ കോൺക്രീറ്റ് ചെയ്യാതെ

കിടക്കുന്നതായി കാണുന്നു. ആയതിനാൽ റോഡ് കട്ട്ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ അനുമതി നൽകുന്നതിനോടൊപ്പം റോഡിലെ കട്ട്ചെയ്ത ഭാഗം പൂർണ്ണമായും ഫില്ല് ചെയ്തിട്ടുണ്ടെന്ന് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും അപാകം പരിഹരിച്ചിട്ടുണ്ടെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തെറ്റായ നടപടികൾ മൂലം റോഡ് റിപ്പേർ ചെയ്യാനുള്ള വമ്പിച്ച ബാദ്ധ്യത പഞ്ചായത്ത് ഏറ്റെടുക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. റോഡുകളിൽ ഉണ്ടായേക്കാവുന്ന പ്രയാസങ്ങൾ വേറേയും.

## 2-15 ടെണ്ടർ ഫീസ് : 86,835/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മരാമത്ത് പ്രവൃത്തികളിൽ 15 പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയായിരുന്നു. ആയതിൽ കരാറുകാരിൽ നിന്നും ടെണ്ടർ ഫീസിനത്തിൽ ഈടാക്കിയ 86,835/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാഗ്രാമം ഗ്രാമകേന്ദ്രം -മാർഗ്ഗരേഖപ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല

പ്രോജക്ട് നം- എസ്.ഒ.69/16

സേവാഗ്രാം ഗ്രാമപഞ്ചായത്തുകൾക്ക് ഫർണിച്ചർ

ബിൽ നം. 22/15-16 തീയതി-24-2-16 -തുക- 1,33,900/-

വൗച്ചർ നം. 21500940 തീയതി-11-3-2016- 1,33,900/-

നിർവ്വഹണം- സെക്രട്ടറി.

പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടിച്ചേരുകയും വികസന ക്ഷേമ കാര്യങ്ങൾ ചർച്ചചെയ്യുന്നതിനും എല്ലാ വാർഡുകളിലും ഒരു ഗ്രാമകേന്ദ്രം സ്ഥാപിക്കണമെന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സ.ഉ (എം.എസ്) നം.362/2013 /തസ്വഭവ, തീയതി 16-11-2013) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) 112/2014തസ്വഭവ തീയതി 25-6-2014 പ്രകാരം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനരീതിയും ഘടനയും സംബന്ധിച്ച് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ സെക്ഷൻ 5-IV ൽ ഗ്രാമകേന്ദ്രങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങിച്ചുനൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തനത്/ വികസന ഫണ്ടുകൾ ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രോജക്ട് നം. എസ്.ഒ. 69/15-16 പ്രകാരം 1,33,900/- രൂപ ചെലവഴിച്ച് 20 വാർഡുകളിലെ ഗ്രാമ കേന്ദ്രങ്ങൾക്കായി 1 മേശ വീതവും, 5 കസേരവീതവും വിതരണംചെയ്തിട്ടുണ്ട്. എന്നാൽ

ഗ്രാമകേന്ദ്രങ്ങളുടെ സ്ഥാപനത്തിലൂടെയുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള യാതൊരു പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല. ഓരോ വാർഡുകളിലും ഗ്രാമസഭാ ഓഫീസായി പ്രവർത്തിക്കേണ്ടുന്ന സ്ഥാപനമാണ് ഗ്രാമകേന്ദ്രം. വാർഡ് വികസന സമിതി, വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി, വിവിധ കർഷക സമിതികൾ, വാർഡ് തല ജാഗ്രതാ സമിതി, പരിസ്ഥിതി സമിതി, സോഷ്യൽ ഓഡിറ്റ് കമ്മറ്റി, ഗുണഭോക്തൃ സമിതികൾ, കുടുംബശ്രീ എ.ഡി.എസ്, സാക്ഷരതാ സമിതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ തുടങ്ങിയവയുടെ ആസ്ഥാനമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണമെന്നാണ് സർക്കാർ നിർദ്ദേശം. പ്രസ്തുത നിർദ്ദേശങ്ങൾ പ്രവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സംയുക്തപരിശോധനയിൽ കണ്ടെത്തിയ പ്രവർത്തനക്ഷമമല്ലാത്തതും, ആവശ്യമില്ലന്ന് കണ്ടെത്തിയതുമായ പൊതു ടേപ്പുകൾ ഒഴിവാക്കേണ്ടതാണ്.

പൊതു ടേപ്പുകൾക്കുള്ള വെള്ളക്കരമിനത്തിൽ 2015-16 ൽ പ്രതിമാസം 47,250/- രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ബില്ല് പ്രകാരം 108 പൊതുടേപ്പുകളാണുള്ളത്. ഗ്രാമപഞ്ചായത്തും ജലഅതോറിറ്റിയും സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടേപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ആകെ 110 ടാപ്പുകളാണുള്ളത് എന്നാൽ സംയുക്തപരിശോധന നടത്തിയ ലിസ്റ്റ് പ്രകാരം 4 ടാപ്പുകൾ ആവശ്യമില്ലന്നും, 14 ടാപ്പുകൾ തകരാറിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതും തകരാറിലായിട്ടുള്ള 14 പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. തകരാറായിട്ടുള്ള 14 പൊതുടാപ്പുകൾ ഏതുകാലയളവുമുതലാണ് തകരാറിലായിട്ടുള്ളത് എന്ന് കണ്ടെത്തി ഈ ടാപ്പുകൾക്കും ഒടുക്കിയിട്ടുള്ള വെള്ളക്കരം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് നം.2205/89 K.W.A/H.O(F)22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടേപ്പുകളിൽ കൂടി ഒരു മിനുട്ടിൽ ശരാശരി 5ലിറ്റർ എന്നതോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോലിറ്റർ എന്ന കണക്കിൽ വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പൊതുടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, സമയാസമയങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-3 തെരുവുവിളക്ക് അറ്റകുറ്റപണി- കരാറുകാരൻ നിർവ്വഹിച്ച പ്രവൃത്തിയെക്കാൾ പ്രതിഫലം നൽകി. 1,59,950 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. – എസ് 0013/15-16

ബിൽ നം. – 33/15-16 തീയതി-30-3-2016-തുക-2,50,000/-

ഡി.ഡി.നം. – 270705 തീയതി-20-4-2016 തുക-2,47,500/-

പ്രവൃത്തിയുടെ എ.എം.സി-കരാർഏജൻസി - ഗ്ലോബൽ അസോസിയേറ്റ്സ് തലശ്ശേരി

നിർവ്വഹണം – സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ 20 വാർഡുകളിലായി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി

നടത്തുന്നതിനുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിന് പ്രോജക്ട് നം. എസ് 0013/15-16 പ്രകാരം ( ബിൽ നം.33/15-16) 2,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എ.എം.സി പ്രകാരമുള്ള ഈ പ്രവൃത്തി നിർവ്വഹിച്ചത് ഗ്ലോബൽ അസോസിയേറ്റ്സ്, തലശ്ശേരി എന്ന സ്ഥാപനമാണ്. സി.എഫ്.എൽ, ട്യൂബ് ഉൾപ്പെടെയുള്ള വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ഒന്നിന് 425 രൂപയാണ് കരാർ പ്രകാരം നൽകേണ്ടത്. സ്ഥാപനം സമർപ്പിച്ച ബിൽ ഇൻവോയ്സ് (Invoice No.072 തീയതി-22-03-2016) പ്രകാരം 425 രൂപ നിരക്കിൽ 589 വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ചിട്ടുണ്ട്. 2,47,500 രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുമുണ്ട്. 2500രൂപ ആദായ നികുതിയിനത്തിൽ ഈടാക്കി ഒടുക്കിയിട്ടുമുണ്ട്. കരാറുകാരൻ റിപ്പയർചെയ്ത വിളക്കുകൾ എത്രയെന്ന് പരിശോധിച്ച് എണ്ണം തിട്ടപ്പെടുത്തുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് വിവിധ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 20 വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം റിപ്പയർ ചെയ്ത വിളക്കുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ. നം. | വാർഡ് നം. | റിപ്പയർ ചെയ്ത വിളക്കുകൾ |
|---|---|---|
| 1 | I | 8 |
| 2 | II | 21 |
| 3 | III | 13 |
| 4 | IV | 14 |
| 5 | V | 9 |
| 6 | VI | 8 |
| 7 | VII | 11 |
| 8 | VIII | 24 |
| 9 | IX | 10 |
| 10 | X | 7 |
| 11 | XI | 2 |
| 12 | XII | 4 |
| 13 | XIII | 4 |
| 14 | XIV | 4 |

| | | |
|---|---|---|
| 15 | XV | 8 |
| 16 | XVI | 7 |
| 17 | XVII | 11 |
| 18 | XVIII | 7 |
| 19 | XIX | 17 |
| 20 | XX | 17 |
| | Total | 206 |

വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച വാർഡ് മെമ്പർമ്മാരുടെ സാക്ഷ്യപത്രപ്രകാരം ആകെ 206 വിളക്കുകളാണ് റിപ്പയർ ചെയ്തിട്ടുള്ളത്. കരാർ പ്രകാരം ഏതുതരം വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും (സി.എഫ്.എൽ, ട്യൂബ്) ഒന്നിന് 425 രൂപയാണ് പ്രതിഫലമായി നൽകേണ്ടത് ആയത് പ്രകാരം റിപ്പയർ ചെയ്തിട്ടുള്ള 206 വിളക്കുകൾക്ക് 425 രൂപ നിരക്കിൽ 87550/- രൂപയാണ് നൽകേണ്ടത്. എന്നാൽ 589 വിളക്കുകൾ റിപ്പയർ ചെയ്തു എന്ന കണക്കിൽ ആകെ നൽകേണ്ടിയിരുന്ന 2,50,325 രൂപയിൽ പ്രോജക്റ്റ് ചെലവായ 2,50,000 രൂപയിൽ നിജപ്പെടുത്തി പ്രസ്തുത തുകയിൽ 1% ആദായ നികുതിയിനത്തിൽ 2500/-രൂപ കഴിച്ച് 2,47,500 രൂപയാണ് (ഡി.ഡി.നം. 270705 തീയതി 20-4-2016 ന് കരാറുകാരന് നൽകിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ നം.20/ 2015-16 തീയതി 15-12-2016 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകുകയുണ്ടായി ഈ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം മുഴുവനായും വൗച്ചറിനൊടൊപ്പം അടക്കം ചെയ്യാൻ വിട്ടുപോയതാണെന്നും, ബാക്കിയുള്ള സാക്ഷ്യപത്രം വൗച്ചറിനൊടൊപ്പം സൂക്ഷിക്കുന്നതാണെന്നുമാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ആധികച്ചെലവ് 1,59,950 രൂപ (2,47,500-87550) ഓഡിറ്റ് നിരാകരിക്കുന്നു. സാക്ഷ്യപത്ര പ്രകാരം റിപ്പേർ നടത്തിയ വിളക്കുകളുടെ എണ്ണം (206) തിട്ടപ്പെടുത്തി തുക നൽകുന്നതിനു പകരം 589 എന്ന് കണ്ടെത്തിയത് എങ്ങിനെയെന്നും ആരെന്നും വ്യക്തമല്ല. ഓഡിറ്റിൽ ആവശ്യപ്പെടുന്ന സമയത്ത് സാക്ഷ്യപത്രം ഉണ്ടാക്കുന്ന രീതി അനുവദിച്ചുകൂടാത്തതാണ്. എ.എം.സി പ്രകാരം നിർവ്വഹിച്ച തെരുവുവിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിച്ച് വിശദമായ പരിശോധനനടത്തി ആധികാരികമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ വാർഷീക അറ്റകുറ്റപ്പണികരാർ- -നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പൊതുതെരുവിൽ വിളക്കുവെക്കൽ എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുച്ചുമതലകളുടെ ഭാഗമായിനിർവ്വഹിക്കേണ്ടുന്ന ഉത്തരവാദിത്തമാണ്. എന്നാൽ ഈ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന സംവിധാനങ്ങളിൽ

നടപടി ക്രമങ്ങളുടെ വീഴ്ചകൾ ദൃശ്യമാണ്. ഓരോ ഗ്രാമപഞ്ചായത്തിനും തെരുവുവിളക്കുകളുടെ റിപ്പയറിംഗും, മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലെ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് അനുസൃതമായി ടെണ്ടറിംഗ് സംവിധാനം വഴി കേരളാ സംസ്ഥാന വൈദ്യുതി വകുപ്പ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വഴി നിർവ്വഹിക്കാവുന്നതാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3055/ഉ.അ.3/2011/ തീഃ 15-9-2011 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ അധികരിക്കാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഈ രജിസ്റ്ററിൽ ലഭ്യമാകുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതുമാണ്. A.M.C കരാറുകാരൻ പരാതി രജിസ്റ്റർ പരിശോധിച്ച് കരാർ വ്യവസ്ഥക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി പരാതി രജിസ്റ്ററിൽ ഓരോ പരാതിയുടെയും നേരെ രേഖപ്പെടുത്തുകയും വേണം. A.M.C കരാറിലെ വ്യവസ്ഥക്ക് അനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ വിളക്കുകളും പ്രവർത്തന നിരതമാണോയെന്ന് തദ്ദേശ സ്വയംഭരണസ്ഥാപന അധികാരികളും കരാറുകാരനും കെ.എസ്.ഇ.ബി അധികാരികളും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതാണ്. കരാറുകാരന് A.M.C പ്രകാരമുള്ള പ്രവൃത്തിയുടെ തുക നല്കുമ്പോൾ മേൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട കടമ ഗ്രാമപഞ്ചായത്തിനുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച നടപടിക്രമങ്ങൾ അനുവർത്തിച്ചതായി കാണുന്നില്ല. പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കരാറുകാരൻ എത്ര വിളക്കുകൾ, ഏതുതരം, എപ്പോൾ അറ്റകുറ്റപണി നിർവ്വഹിച്ചു എന്നത് സംബന്ധിച്ച് ആധികാരികമായി പരിശോധിക്കാൻ സഹായകമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കരാറുകാരൻ ISI നിലവാരത്തിലുള്ള സാമഗ്രികളാണോ ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച കരാറുകാരന് തുക അനുവദിക്കുന്നത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഈ സാക്ഷ്യപത്രത്തിൽ റിപ്പയർ ചെയ്ത വിളക്കുകളുടെ തരം, പോസ്റ്റ് നമ്പർ, റിപ്പയർചെയ്ത തീയതി, ഉപയോഗിച്ച സാമഗ്രികൾ ISI നിലവാരത്തിലുള്ളതാണോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന് തുക അനുവദിക്കുമ്പോൾ സാക്ഷ്യപത്രത്തിലെ വിളക്കുകളുടെ എണ്ണവുമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതായും കാണുന്നില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ വെട്ടിത്തിരുത്തലുകൾ ധാരാളമായി കാണുന്നു. പദ്ധതി തുകയുടെ സുതാര്യമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതും സാമ്പത്തിക ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും നിയമപരമായ ഉത്തരവാദിത്തമാണ്. തെരുവുവിളക്കുകൾക്ക് അറ്റകുറ്റ പണികൾക്കായി എ.എം.സി കരാർ നൽകുന്നതിനുമുമ്പ് താഴെപറയുന്ന രേഖകൾ തയ്യാറാക്കി പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തുക.
2. ടെണ്ടർ നടപടികൾ സ്വീകരിച്ച് AMC കരാർ നൽകുക.

3. പരാതി രജിസ്റ്റർ തയ്യാറാക്കി കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുക.
4. ടെണ്ടർ പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റിപ്പയർചെയ്ത വിളക്കുകളുടെ എണ്ണവുമായി പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം തുക അനുവദിക്കുക.
5. കരാറുകാരുമായി വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വെയ്ക്കുക.
6. റിപ്പയർ ചെയ്യുമ്പോഴുണ്ടാകുന്ന ഉപയോഗയോഗ്യമായ Scrap parts ഗ്രാമപഞ്ചായത്തിൽ തിരികെ ഏല്പിക്കുന്ന വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.
7. AMC കരാറുകാരനിൽ നിന്നും 10% സെക്യൂരിറ്റി നിക്ഷേപവും, ബിൽ തുകയിൽ നിന്നും 1% ആദായനികുതിയും ഈടാക്കേണ്ടതാണ്.
8. തെരുവുവിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിച്ച് വൈദ്യുതി ബോർഡിൽ നിന്നും ആവശ്യമായ മാർഗ്ഗനിർദ്ദേശം സ്വീകരിക്കേണ്ടതാണ്.
9. തെരുവുവിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിച്ച് മുഴുവൻ നടപടിക്രമങ്ങളിലും ഭരണസമിതിയുടെ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 തെരുവിളക്ക്സ്ഥാപിക്കൽ ലൈൻ വലിക്കൽ -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല- വിശദമായ എസ്റ്റിമേറ്റ്, തയ്യാറാക്കിയില്ല. ചെലവ് തുക- 12,31,815 തടസ്സത്തിൽ വെക്കുന്നു.

പ്രോജക്റ്റ് നം- 122/15-16 ( ആകെ തുക- 12,31,815/-)

1. ബിൽ നം- 31/15-16 തീയതി-18-3-2016 തുക- 7,40,400/- (plan Fund)

(കെ.എസ്.ഇ.ബി രസീത് നം- 66590160512102124 തീയതി 12-5-16)

2. ബിൽ നം- 32/15-16 തീയതി-30-3-2016 തുക-4,87,323/- (CFC)

(കെ.എസ്.ഇ.ബി രസീത് നം-66590160512102125 തീയതി 12-5-16 തുക-2,64,233)

(കെ.എസ്.ഇ.ബി രസീത് നം- 6660016024101307 തീയതി 24-5-16 തുക-2,17,000)

3. ചെക്ക് നം-006432 തീയതി-31-3-2016 തുക- 4092/- (തനത് ഫണ്ട്)

(കെ.എസ്.ഇ.ബി റസീത് നം- 66590160512102126 തീയതി- 12-5-16)

നിർവ്വഹണം- സെക്രട്ടറി.

2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെവിവിധ ഭാഗങ്ങളിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് നം.122/15-16 പ്രകാരം അംഗീകാരം ലഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി. കണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ എക്സിക്യൂട്ടീവ് എൻജിനിയറുടെ TS2/SL/ 14-15-16/34/95 തീയ്യതി 03/03/16, TS2/SL/ 14/15-16/36/94 തീയ്യതി 03/03/16, TS2/SL/ 14/15-16/37/96 തീയ്യതി 03/03/16 ഉത്തരവുകൾ പ്രകാരം മേൽ പ്രവൃത്തിക്ക് 13,17,600/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി ഏച്ചൂർ, ചക്കരക്കല്ല്, ചാലോട് സെക്ഷനുകളിലായാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടത്. പ്രസ്തുത പ്രോജക്ട് ചെലവിനത്തിൽ ആകെ 12,31,815 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക കെ.എസ്.ഇ.ബി. കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 23/2015-16തീയതി 13-12-2016 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ 13,17,600രൂപയിൽ 12,31,815രൂപമാത്രമേ 2015-16 വർഷം നൽകാൻ സാധിച്ചിട്ടുള്ളൂ എന്നും എസ്റ്റിമേറ്റ്പ്രകാരമുള്ള തുകയിൽ 85,785രൂപകൂടിനൽകാനുണ്ട് എന്നുമാണ്. ഈ തുകയിൽ 2016-17 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി 71,115 രൂപ നൽകിയിട്ടുണ്ട് എന്നും ബാക്കി തുകയായ 14,670 രൂപ കൂടി ഒടുക്കാനുണ്ട്എന്നുമാണ്. കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും 2015-16 വർഷം ലഭിക്കാത്തതിനാലാണ് കെ.എസ്.ഇ.ബി പ്രവൃത്തി തുടങ്ങാതിരുന്നത് എന്നുകാണാവുന്നതാണ്. എന്നാൽ കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റിൽ ലൈൻ വലിക്കുന്നതിനുള്ള ചെലവായി കാണിച്ച തുക പൂർണ്ണമായും തന്നെ 2015-16 ൽ ഒടുക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഒടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക ലൈൻവലിച്ചതിനുശേഷം തെരുവിളക്ക് സ്ഥാപിക്കുന്നതനുള്ള ഇൻസ്റ്റലേഷൻ ചാർജിനത്തിലുള്ളതായിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടായിട്ടില്ല. പദ്ധതി, ഓഡിറ്റ് കാലയളവിൽപോലും ആരംഭിച്ചിട്ടുമില്ല. ആയതിനാൽ ഈയിനത്തിൽ 2015-16 വർഷം ചെലവഴിച്ച 12,31,815 രൂപയുടെ ചെലവുകൾ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തീർപ്പുകല്പിക്കുന്നതാണ്.

## 3-6 അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താതെ വാങ്ങിയ തെരുവുവിളക്കുകൾ ഗ്യാരണ്ടി കാലാവധിക്കുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം- എസ്.0063/15-16

ബിൽ നം-34/15-16 തീയതി-30-3-2016- തുക-2.94,399 (പ്ലാൻ ഫണ്ട്)

ഡി.ഡി നം.270675 തീയതി 20-4-2016 തുക- 2,94,399

പർച്ചേസ് ഏജൻസി- KREWS

നിർവ്വഹണം- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നം. എസ്-0063/15-16 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ വിളക്കുകൾ വാങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും 2,94,399 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പർച്ചേസ് നടത്തിയത് സർക്കാർ അംഗീകൃത ഏജൻസിയായ KREWSഎന്ന സ്ഥാപനത്തിൽ നിന്നാണ്. പർച്ചേസ് ബില്ലിനൊടൊപ്പം KREWS ഹാജരാക്കിയ പർച്ചേസ് ഇൻവോയ്സ് പ്രകാരം 11W ന്റെ 200 സി.എഫ്.എൽ. വിളക്കുകളാണ് വിതരണം ചെയ്തിട്ടുള്ളത്. പ്രസ്തുത സാമഗ്രികൾ 26-03-2016 തീയതിയിൽ ലഭിച്ചതായി സെക്രട്ടറി സാക്ഷ്യപെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിളക്കുകൾ നാളിതുവരെയായിട്ടും സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. അധികൃതരെ സമീപിച്ചപ്പോഴാണ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള വൈദ്യൂതിലൈൻ ലഭ്യമല്ല എന്നവസ്തുത അറിയുന്നത്.

അതനുസരിച്ച് ലൈൻ വലിക്കുന്നതിന് പ്രോജക്ട് നം. 122/15-16 പ്രകാരം തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുകപോലും ഉണ്ടായിട്ടില്ല. എന്നാൽ വിളക്കുകൾ വിതരണം ചെയ്ത KREWS ന്റെ ബിൽ ഇൻവോയ്സ് പ്രകാരം വിളക്കുകൾ വിതരണം ചെയ്ത തീയതി മുതൽ 18 മാസത്തെ വാറണ്ടിയാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 26-03-2016 ന് വിളക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് ആയതുപ്രകാരം 2016 ഡിസംബർ മാസമാവുമ്പോഴേക്കും 9 മാസത്തെ കാലയളവ് ഇതിനോടകം കഴിഞ്ഞു. വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമില്ല. കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് തെരുവ് വിളക്കുകളുടെ ലൈൻ ലഭ്യത ഉറപ്പുവരുത്താതെയാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇത് ക്രമവിരുദ്ധമാണ്. പദ്ധതി ആസൂത്രണത്തിലെ മുന്നൊരുക്കം ഇല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നത് ആശാസ്യമല്ല. പദ്ധതി ചെലവ് ഉയർത്തുക എന്ന ലക്ഷ്യത്തിന് പുറമെ പൊതു ധനത്തിന്റെ വിനിയോഗത്തിനും തുല്യമായ പ്രാധാന്യം നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ ഗ്യാരണ്ടി കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കുന്നതിനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 'മീഡിയാശ്രീ' പദ്ധതി - എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. വിനിയോഗ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തുക 65000/- തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട്നം. 12/2015-16

ബിൽ നം- 19/15-16 തീയതി- 17-2-16- തുക-65,000/-

ഡി.ഡി.നം. – 265558 തീയതി- 23-02-2016

നിർവ്വഹണം - സെക്രട്ടറി

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും നിലവിലുള്ള ഭരണസമിതികളുടെ പ്രവർത്തനങ്ങളും വിവിധ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച നേർകാഴ്ചയും ഡോക്കുമെന്ററി രൂപത്തിൽ കുടുംബശ്രീ സംരംഭമായ 'മീഡിയാശ്രീ' എന്ന ഏജൻസിവഴി തയ്യാറാക്കി നൽകുവാൻ 65000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വിനിയോഗിക്കുവാൻ സ.ഉ. (സാധാ) നം. 3206/2014/തസ്വഭവ തീയതി-05-12-2014 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കുടുബശ്രീ കണ്ണൂർജില്ലാ മിഷന് 65000/- രൂപ ഡി.ഡി. നം.265558 തീയതി 23-02-2016 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത തുക നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കുടുംബശ്രി കണ്ണൂർ ജില്ലാ മിഷൻ കോർഡിനേറ്ററും വിവിധ വ്യവസ്ഥകൾ ഉൾകൊള്ളിച്ചിട്ടുള്ള എഗ്രിമെന്റ് തയ്യാറാക്കി അംഗീകരിച്ചിട്ടിട്ടുണ്ട്. ഈ എഗ്രിമെന്റിലെ 1-ാമത്തെ വ്യവസ്ഥയിൽ, തുക ലഭിച്ച് 60 ദിവസത്തിനകം സ്ഥാപനത്തെ കുറിച്ചുള്ള ഡോക്കുമെന്ററി ചിത്രം തയ്യാറാക്കി ആയതിന്റെ 10 പകർപ്പുകൾ നൽകുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥ 7ൽ, വീഡിയോ ഡോക്കുമെന്റേഷൻ പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം 20 ദിവസത്തിനകം ബാധമകമായ തുക നൽകേണ്ടതാണ് എന്നാണ് പരസ്പരം അംഗീകരിച്ച് ഒപ്പുവെച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിനെ കുറിച്ചുള്ള ഡോക്കുമെന്ററി ലഭിക്കുന്നതിന് മുൻപു തന്നെ 23-02-2016 കുടുബശ്രീക്ക് ഈ പദ്ധതിക്ക് നീക്കിവെച്ച 65,000/- രൂപ നൽകുകയുണ്ടായി.

എന്നാൽ നാളിതുവരെയായി ഡോക്കുമെന്ററി സി.ഡി. ലഭിച്ചിട്ടുമില്ല. ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-8/2016 തീയതി 5-12-2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് തുക 65000/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികളുടെ ഫലപ്രാപ്തിയും പൂർത്തീകരണവും ഉറപ്പുവരുത്തേണ്ടുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ആശാവഹമല്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട് എന്ന് മോണിറ്ററിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - ആവശ്യപ്പെടാത്ത മരുന്നുകൾ നൽകി തുക ക്രമീകരിക്കുന്ന നടപടി പരിശോധിക്കേണ്ടതാണ്.

പ്രോജക്ട് നം. - എസ്.007/16

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ – എൻ.ആർ.എച്ച്.എം.

ബിൽ നം-28/15-16 തീയതി-24-2-16 തുക-1,00,000/-

ഡി.ഡി. നം- 266050 തീയതി- 26-2-16-തുക-1,00,000/-

റസീത് നം. 1331 തീയതി- 8-3-16 തുക-1,00,000/-
(കേരള സംസ്ഥാന ഹോമിയോപതിക്ക് കോർപ്പറേറ്റീവ് ഫാർമസി ലിമിഡറ്റ് )

നിർവ്വഹണം - സെക്രട്ടറി.

2015-16ൽ പ്രോജക്ട് നം.എസ്.007/16 പ്രകാരം NRHM ആശുപത്രിക്കുവേണ്ടി മരുന്നുവാങ്ങുന്നതിനായി 1,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹോമിയോ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികൾക്ക് വേണ്ടിയുള്ള വിവിധതരം മരുന്നുകളുടെ ആവശ്യകതപരിഗണിച്ചാണ് പ്രോജക്ടിൽ മരുന്നുവാങ്ങുന്നതിനുള്ള ഇന്റന്റ് തയ്യാറാക്കുന്നത്. പൊതുവായിട്ടുള്ള അസുഖങ്ങൾക്കും, സീസണലായി പൊട്ടിപുറപ്പെടുന്ന അസുഖങ്ങൾക്കും ആവശ്യമായ മരുന്നുകളാണ് ഇന്റന്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നത്. എന്നാൽ മേൽ പ്രോക്ടിൽ ഇന്റന്റ് പ്രകാരം ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്തമായ മരുന്നുകൾകൂടി ലഭിച്ചതായി കാണുന്നു. 2015-16 വർഷത്തിൽ മരുന്നുകൾക്ക് വേണ്ടി മുൻകൂർ നൽകിയ 1,00,000 രൂപ വിലയുടെ മരുന്നുകൾ ആകെ ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യകത പരിഗണിക്കാതെ സർക്കാർ ഹോമിയോ ഫാർമസിയിൽ സ്റ്റോക്കുള്ള മരുന്നുകൾ പ്രോജ്കട് പ്രകാരം കൈപ്പറ്റിയ തുകയ്ക്ക് കണക്കാക്കി നൽകുന്ന രീതി ക്രമപ്രകാരമല്ല. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2015-16ൽ ഇന്റന്റ് പ്രകാരം ആവശ്യപ്പെട്ടതിൽ 43തരം മരുന്നുകൾ ലഭ്യമായിട്ടില്ലന്നാണ് അറിയിച്ചത്. ഇത്തരത്തിലുള്ള നടപടികൾ മൂലം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ നൽകാൻ ആശുപത്രിക്ക് സാധിക്കാതെ വരുന്നു. ഈ വിഷയംസംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ഇന്റന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് പരാതിപെട്ടിരുന്നു എങ്കിലും പരിഹാരം ഒന്നും ഉണ്ടായിട്ടില്ല എന്നാണ് എൻ.ആർ.എച്ച്.എം. മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ഉചിതമായ നടപടിസ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## **3-9** ജലനിധി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കേരള സർക്കാർ ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയാണ് ജലനിധി. മുണ്ടേരി ഗ്രാമപഞ്ചായത്തിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ജലനിധി പദ്ധതി പ്രവർത്തനങ്ങൾ 15-04-2013 നാണ് ആരംഭിച്ചത്. 17 ഗുണഭോക്തൃ ഗ്രൂപ്പുകളുടെ കീഴിൽ 17പദ്ധതികളാണ് ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ളത്. ഈ പദ്ധതിയിൽ 14 എണ്ണം ഇതിനോടകം കമ്മീഷൻ ചെയ്തതായാണ് ഓഡിറ്റിൽ രേഖാമൂലം അറിയിച്ചത്. 2 പദ്ധതികൾ പൂർത്തിയാവാനുണ്ട്. ജലനിധി പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 25,00,000 രൂപ പ്രോജക്ട് നം.14/2015-16 (ബിൽ നം. 6/15-16-12,53,834/-, ബിൽ നം.9/15-16 തുക -12,46,166/-) പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ 17,54,210രൂപ നീക്കിയിരിപ്പായിട്ടുണ്ട് (വാർഷിക ധനകാര്യ പത്രിക B4 പത്രികയിൽ പ്രസ്തുത തുക നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 17,54,211രൂപയാണ്. 1രൂപയുടെ വ്യത്യാസം ചില്ലറ റൗണ്ട് ചെയ്തപ്പോൾ സംഭവിച്ചതായാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായകമായ സാങ്കേതികവും അല്ലാത്തതുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയുടെ റീജയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും പദ്ധതി പ്രവർത്തനത്തെ സഹായിക്കുന്നതിനുവേണ്ടി തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ് എന്ന നോൺ ഗവൺമെന്റൽ ഓർഗനൈസേഷനെ തിരഞ്ഞെടുക്കുകയുണ്ടായി അതു പ്രകാരം 15-4-2013 ന് ഗ്രാമപഞ്ചായത്തും പ്രസ്തുത സംഘടനയും തമ്മിൽ കരാർ ഒപ്പുവെക്കുകയുണ്ടായി. എന്നാൽ ഈ സംഘടന ജലനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തിയതിനാൽ ഒഴിവാക്കുകയുണ്ടായി. തുടർന്ന് സഹായക പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സോഷ്യൽ ഓർഗനൈസേഷൻ ഫോർ മെന്റൽ ഹെൽത്ത് ആന്റ് ആക്ഷൻ എന്ന സംഘടനയെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ പ്രസ്തുത സംഘടനയും വീഴ്ചകൾ വരുത്തിയതിനെ തുടർന്ന് അവരെയും ഒഴിവാക്കി. ഗ്രാമപഞ്ചായത്ത് നേരിട്ട് പ്രവർത്തനം ഏറ്റെടുത്താണ് നിലവിൽ ജലനിധി പദ്ധതി പ്രവർത്തനം നടത്തിവരുന്നത്. ജലനിധി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് സഹായക സംഘടനകളുടെ വീഴ്ചകൾ കാരണമായിട്ടുണ്ട്. ജലനിധി പദ്ധതിയുടെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സഹായക സംഘടനയ്ക്ക് ഫണ്ട് അനുവദിക്കുന്നുണ്ടെന്നാണ് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ എത്ര തുകയാണ് നൽകിയത് എന്ന് വ്യക്തമല്ല. സഹായക സംഘടനയും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകളെന്താണെന്നും വ്യക്തമല്ല. (കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല). കരാർ വ്യവസ്ഥകൾ പാലിക്കാത്ത സംഘടനയിൽ നിന്നും പിഴ ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതും. ജലനിധി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ നടന്നില്ല എന്നും മോണിറ്ററിംഗ് കാര്യക്ഷമമല്ല എന്നും കാണാവുന്നതാണ്. (ജലനിധി പദ്ധതി പ്രകാരമുള്ള 17 ശുദ്ധജല പദ്ധതിയും കമ്മീഷൻചെയ്ത്

പൂർണ്ണമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ ചെലവുകൾ ഓഡിറ്റിന് വിധേയമാക്കുന്നതാണ്.)

## 3-10 മഴക്കാലപൂർവ്വ ശുചീകരണം മഴയ്ക്ക് ശേഷം - ചെലവുരേഖകളുടെ അഭാവത്തിൽ 80,292/- രൂപ തടസ്സപ്പെടുത്തുന്നു.

ശുചിത്വ മിഷനിൽ നിന്നും 2014-15ൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായ 1,32,185/-രൂപ (ചെക്ക് നമ്പർ : 39,961/10-07-14 ) 26-05-15, 23-06-15 തീയ്യതികളിലായി ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 20 വാർഡുകളിലെ 16-ാം വാർഡ് ഒഴികെയുള്ള 19 വാർഡുകളിലെ എൻ.ആർ.എച്ച്.എം. വാർഡുതല സമിതികൾക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണം പരിശോധനാ വിധേയമാക്കിയതിൽ കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 7/2014 ൽ തുക ലഭ്യമായിട്ടും മാസങ്ങൾക്കു ശേഷമാണ് ഗ്രാമപഞ്ചായത്ത് വാർഡുതല സമിതികൾക്ക് തുക കൈമാറുന്നത്
2. മഴയോടനുബന്ധമായ പകർച്ചവ്യാധികളുടെ വ്യാപനം ഒഴിവാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള മഴക്കാലപൂർവ്വ ശുചീകരണം എന്ന പ്രവൃത്തി 2015 മെയ്, ജൂൺ മാസം തുക ലഭ്യമായിട്ടും പല വാർഡുകളിലും നിർവ്വഹിക്കപ്പെട്ടത് മഴക്കാലത്തിന് ശേഷമാണ്.

   ഉദാ: നാലാം വാർഡ് - 2015 സെപ്റ്റംബർ

   എട്ടാം വാർഡ് - 2016 ഫെബ്രുവരി,മാർച്ച്

   ഒമ്പതാം വാർഡ് - 2016 മാർച്ച്

   പത്താം വാർഡ് - 2015 ഡിസംബർ
3. മഴയോടനുബന്ധിച്ചുള്ള സാംക്രമികരോഗങ്ങളെ പ്രതിരോധിക്കാനുതകുന്ന പ്രവർത്തനമാണ് ഈ പരിപാടി കൊണ്ടുദ്ദേശിച്ചിട്ടുള്ളതെങ്കിലും ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കപ്പെട്ട പല പ്രവൃത്തികളും കനാൽ/റോഡ് പരിസരവും തോടും വൃത്തിയാക്കലും മറ്റുമാണ്.

   ഉദാ: അഞ്ചാം വാർഡ് - കൊട്ടാനച്ചേരി കനാൽ പരിസരം വൃത്തിയാക്കൽ

   ഇരുപതാം വാർഡ് - തോട്ടിലെ ചെളി ജെ.സി.ബി ഉപയോഗിച്ച് നീക്കൽ
4. 16-ാം വാർഡിന് തുക അനുവദിച്ചതായോ ശുചീകരണം നടത്തിയതായോ രേഖകളില്ല.
5. 23-06-15 ന് 5,250/- രൂപ ഈയിനത്തിൽ 13-ാം വാർഡിന്റെ വാർഡുതല സമിതിയുടെ അക്കൗണ്ടിൽ വരവുണ്ടെങ്കിലും ശുചീകരണം നടത്തിയതായുള്ള ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
6. 18 വാർഡുതല സമിതികൾ ഓഡിറ്റിന് ലഭ്യമാക്കിയ ചെലവുരേഖകൾ പ്രകാരം 1,17,088/- രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (26/15-12-16) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം 1,97,380/- രൂപ ചെലവഴിക്കപ്പെട്ടതായാണ് വിശദീകരിച്ചത്. കണക്കിലെ പൊരുത്തക്കേട് സംബന്ധിച്ച് അന്വേഷിച്ചതിൽ 2013-14 ൽ വാർഡുതല സമിതികൾക്ക് നൽകിയ തുകയിൽ 67,815/-രൂപ സമിതികൾ വശം

ചെലവഴിക്കാതെയുണ്ടെന്നും അതുൾപ്പെടെയുള്ള ചെലവടക്കം തൻവർഷം 1,97,380/- രൂപയാണ് ചെലവെന്നുമാണ് വ്യക്തമാക്കിയത്. എന്നാൽ 1,97,380/- രൂപയുടെ ചെലവുരേഖകളോ, മെഡിക്കൽ ഓഫീസറുടെ വിനിയോഗസാക്ഷ്യ പത്രമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതിനായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ വിനിയോഗത്തിന്റെയും നീക്കിയിരിപ്പിന്റെയും കൃത്യത ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് / പാസ്ബുക്ക് വെച്ച് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം ചെലവിന്റെയും നീക്കിയിരിപ്പിന്റെയും കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത്, ചെലവഴിക്കപ്പെട്ടതായി വിശദീകരിച്ചതും എന്നാൽ വാർഡുതല സമിതികൾ ഓഡിറ്റിനു ലഭ്യമാക്കാത്തതുമായ ചെലവുതുക 80,292/- രൂപ (1,97,380-1,17,088) തടസ്സപ്പെടുത്തുന്നു. മേലിൽ മഴക്കാലപൂർവ്വ ശുചീകരണം സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നിർവ്വഹിക്കേണ്ടതും ചെലവുവിവരം കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 3-11 എസ്.എസ്.എ വിഹിതം - വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭമാക്കേണ്ടതാണ്-6,61,098/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 26/16

അടങ്കൽ : 6,61,098/- രൂപ

2015-16 വർഷം പഞ്ചായത്തിന്റെ വിഹിതമായി 6,61,098/- രൂപ സർവ്വ ശിക്ഷാ അഭിയാനിൽ ഒടുക്കിയിട്ടുണ്ട്. (ഡി.ഡി. നം.312040/17-10-15). പ്രസ്തുത തുക ഗ്രാമപഞ്ചായത്തിലെ ഏതേത് സ്കൂളുകൾക്ക് ഏതേത് രീതിയിൽ വിനിയോഗിക്കപ്പെട്ടു എന്നു വ്യക്തമാക്കുന്ന ഇനം തിരിച്ചതും വിശദവുമായ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 6,61,098/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 പാലിയേറ്റീവ് പരിചരണം - തുക ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല 60,000/ - രൂപ തടസ്സപ്പെടുത്തുന്നു. വാഹനവാടക അധികമായി നൽകി- 5,900/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ 23/16 (ബിൽ നം. 5/ 30-3-16/ 16769/-,6/30-3-16- 43,231/-) പ്രകാരം പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിനായി കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ് ലിമിറ്റഡിന്റെ 3000/26-02-16, 4114/21-03-16 എന്നീ പ്രോഫോർമ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾക്കായി 60,000/-രൂപ (ഡി.ഡി 270556/19-04-16;-43,231/- + ഡി.ഡി 270551/19-04-16;- 16,769/- രൂപ)പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. (രശീതി നമ്പർ 29791/19-05-16).

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഫോളികത്തീറ്റർ-20 | 200 |

| | | |
|---|---|---|
| 2 | ഫോളികത്തീറ്റർ-16 | 150 |
| 3 | ഫോളികത്തീറ്റർ-12 | 50 |
| 4 | യൂറിൻ കളക്ഷൻ ബാഗ് | 400 |
| 5 | യൂറിൻകോഡ് | 150 |
| 6 | ട്യൂബ് | 10 |
| 7 | ഫോളികത്തീറ്റർ | 50 |
| 8 | വാക്കിംഗ് കെയിൻ | 10 |
| 9 | വീൽ ചെയർ | 2 |
| 10 | കമ്മോഡ് ചെയർ | 4 |
| 11 | വാക്കർ ഫോൾവിംഗ് | 4 |
| 12 | എയർ ബെഡ് | 4 |

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്നും നാളിതുവരെ പ്രസ്തുത ഉപകരണങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭിച്ചതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെട്ടതായും കാണുന്നില്ല. പ്രോഫോർമ ഇൻവോയ്സിനൊപ്പമുള്ള നിബന്ധന 4 ൽ ഡി.ഡി ലഭിച്ച് 15 ദിവസത്തിനകം ലഭ്യത അനുസരിച്ച് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണെന്ന് വിതരണ സ്ഥാപനം അറിയിച്ചിട്ടുണ്ട്. 19-05-16 ന് ഡി.ഡി കൈപ്പറ്റി 7 മാസം കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റന്വേഷണം 18/09-02-16 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിൽ എത്രയും വേഗം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണറിയിച്ചത്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആശ്രയിക്കേണ്ടിവരുന്ന ദുരിതമനുവദിക്കുന്നവർക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനുള്ള ഈ പ്രോജക്ടിൽ അത്തരക്കാർക്ക് വേണ്ടിവരുന്ന സഹായ ഉപകരണങ്ങൾ തുക നൽകി മാസങ്ങൾ പിന്നിട്ടിട്ടും ആയത് ലഭ്യമാക്കി വിതരണം ചെയ്യാത്ത നടപടി നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയും ഈ പ്രോജക്ടിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ചെലവുതുക 60,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത പ്രോജക്ടിൽ, 11/2015 മുതൽ 2/2016 വരെ 31 ദിവസങ്ങളിലായി ഗൃഹസന്ദർശനം നടത്തിയതിന് പ്രതിദിന വാടക 1300/- രൂപ നിരക്കിൽ 40,000/- രൂപ ഡി.ഡി 267891/28-03-16 പ്രകാരം കെ.എൽ 13എഎ 6655 നമ്പർ വാഹനത്തിന്റെ ഡ്രൈവർക്ക് വാഹനവാടകയായി അനുവദിച്ചിട്ടുണ്ട്. 2015ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി)3217/2015 ത.സ്വ.ഭ.വ 29-10-15 ഖണ്ഡിക 2-6-5 ) പ്രകാരം ഒരു ദിവസത്തെ ഓട്ടത്തിന് (45 km കൂടുതൽ) വാഹനത്തിന് നൽകാവുന്ന പരമാവധി വാടക 1100/- രൂപ

മാത്രമാണ്.ഇതനുസരിച്ച് 31x1100 = 34,100/-രൂപയ്ക്ക് പകരം 40,000/-രൂപ നൽകിയത് വഴി 5,900/-രൂപ അധികമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാത്ത തുക തിരിച്ചീടാക്കേണ്ടതാണ്

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്കായി ഓരോ ഗുണഭോക്താവിനും 6,250/- രൂപ നിരക്കിൽ വെറ്ററിനറി സർജൻ, എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് പഞ്ചായത്ത് വിഹിതം ഒടുക്കിയിട്ടുണ്ട്. (2014-15ൽ 50 പേർക്ക് 31,250/- രൂപ ഡി.ഡി നമ്പർ 005418/08-12-14; 2015-16 ൽ 30 പേർക്ക് 1,87,500/-രൂപ ഡി.ഡി നമ്പർ 985417/30-01-16). ഗുണഭോക്താക്കൾക്ക് പ്രതിമാസ കാലിത്തീറ്റ വിതരണത്തിന്റെ വിവരം കാണിക്കുന്ന നാൾവഴി രജിസ്റ്റർ പ്രകാരം 2014-15, 2015-16 വർഷങ്ങളിലെ പ്രസ്തുത പദ്ധതിയുടെ താഴെപറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് വിവിധകാരണങ്ങളാൽ പദ്ധതിമധ്യേ നിർത്തിയതായി കാണുന്നു.

| ക്രമ നമ്പർ | പേര് | രജിസ്റ്റർപ്രകാരം പദ്ധതി ആരംഭിച്ച തീയ്യതി | അവസാനമായി കാലിത്തീറ്റ കൈപ്പറ്റിയ തീയ്യതി |
|---|---|---|---|
| 1 | ടി.കെ സുലോചന | 23-04-15 | 22-08-16 |
| 2 | പി.ദാക്ഷായണി | 23-04-15 | 30-04-16 |
| 3 | സി.കെ പത്മിനി | 23-04-15 | 27-02-16 |
| 4 | പി.റംല | 23-04-15 | 23-04-15 |
| 5 | കെ.കുഞ്ഞമ്പു | 23-04-16 | 22-03-16 |
| 6 | കെ.കൃഷ്ണദാസ് | 23-04-15 | 27-02-16 |
| 7 | രജിത വി.സി | 27-02-16 | 22-08-16 |
| 8 | കെ.സി.കുഞ്ഞിമുഹമ്മദ് | 27-02-16 | 22-08-16 |

പ്രസ്തുത ഗുണഭോക്താക്കൾക്ക് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് ഒടുക്കിയ മുൻകൂർ തുകയിൽ നിന്നും വിനിയോഗിക്കാത്ത തുക തിരിച്ചീടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 52/16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം

ചെലവ് തുക : 30,195 /-(തനത് ഫണ്ട് 2195/-+ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 28,000/-)

ബിൽ നം. : 2/14-3-2016 – 28000./- (ഡി.ഡി.നം.267229/18.03.2016)

ഡി.ഡി.നം. : 267378/ 21-3-2016 / 2195

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം അനു ഏജൻസീസ് , പി.ഒ ചെക്കിക്കുളം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 20/25-02-16 പ്രകാരം ഒരു സെമി എക്സിക്യൂട്ടീവ് ടേബിൾ, ഒരു വാട്ടർ പ്യൂരിഫയർ, വേയിംഗ് മെഷീൻ എന്നിവ ഉൾപ്പെടെ 30,195/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾക്കായി മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ചതിൽ (എ2-2646/15 തീ 16-01-16 )ഒരു വാട്ടർ പ്യൂരിഫയറിന് 15,000/-രൂപയായിരുന്നു പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്തതും (ഇനം – യുറേക്കാ ഫോർബ്സ്, മോഡൽ Peal UV) ഭരണ സമിതി അംഗീകരിച്ചതുമായ നിരക്ക്.

ഓഡിറ്റിന്റെ ഭാഗമായി 14-12-16ന് ഡിസ്പെൻസറി സന്ദർശിച്ച് പ്രസ്തുത ഉപകരണങ്ങൾ പരിശോധന നടത്തിയതിലും പ്രസ്തുത ഇൻവോയ്സ് പരിശോധിച്ചതിലും 'അക്വാഗാർഡ്-അക്വാഷ്വവർ' 275x245x380mm ഡൈമൻഷനുള്ള യു.വി.ക്രിസ്റ്റൽ വാട്ടർ പ്യൂരിഫയർ ആണ് വിതരണം ചെയ്തതെന്ന് മനസ്സിലായി. യുറേക്കാ ഫോർബ്സ് കമ്പനിയുടെ വിലവിവര പത്രിക പ്രകാരം പ്രസ്തുത ഇനത്തിന്റെ വില 8,499/-രൂപയാണ്. 8,499/-രൂപ വിലവരുന്ന ഉപകരണത്തിന് വിതരണക്കാരന് 15,000/- രൂപ നൽകിയതിന് ഓഡിറ്റന്വേഷണം 27/16-12-16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിൽ, 8,499/-രൂപയ്ക്ക് പുറമേ ഫിറ്റിംഗ് ചാർജ്ജും അനുബന്ധചെലവുമായി 3350/- രൂപ ഉൾപ്പെടെ ആകെ 11,849/- രൂപ ചെലവുണ്ടെന്ന് അറിയിക്കുകയുണ്ടായി. ശേഷിക്കുന്ന 3151/- രൂപ തിരിച്ചടക്കാൻ ഓഡിറ്റിൽ ആവശ്യപ്പെട്ടതിൽ 2195/-രൂപ രശീതി നം.11601103931/ 19-12-2016 പ്രകാരം പ്രസ്തുത സാമഗ്രി വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ഈടാക്കി നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയുണ്ടായി. ഈയിനത്തിൽ ഒടുക്കാൻ ബാക്കിയുള്ള 956രൂപ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ഉപകരണത്തിന്റെ തരം, അളവ്, ഇവ രേഖപ്പെടുത്താത്തതും ക്വട്ടേഷൻ ഉറപ്പിക്കും മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥൻ/ വാങ്ങൽ ടീം ഉപകരണങ്ങൾ പരിശോധിക്കാത്തതും വിലയുടെ യുക്തിഭദ്രത ഉറപ്പു വരുത്താത്തതും വേയിംഗ് മെഷീൻ വാങ്ങിയതിൽ 2009 ലെ ലീഗൽ മെട്രോളജി നിയമത്തിലെ സെക്ഷൻ 23 പ്രകാരം അംഗീകൃത വിതരണക്കാരിൽ നിന്നു മാത്രമേ അളവുപകരണങ്ങൾ വാങ്ങാവൂ എന്ന നിബന്ധന പാലിക്കാതിരുന്നതും ഈ പദ്ധതി നിർവ്വഹണത്തിലെ ഗൗരവതരമായ വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യാഗസ്ഥന്റെ അനാസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്. മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-15 പൂർത്തീകരിക്കാത്ത ഭവനനിർമ്മാണം - നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിലും തൻവർഷത്തിലുമായി ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ.

പ്രോജക്ടിന്റെ പേര് : ഇ.എം.എസ് ഭവന പദ്ധതി

നിർവ്വഹണം : വി.ഇ.ഒ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വാർഡ് | യൂനിറ്റ് തുക | അവസാന ഗഡു കൈപ്പറ്റിയ തീയ്യതി | ആകെ കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|
| 1 | സി.ലതിക (xii) | 75,000 | 16-04-11 | 52,500 | 22,500 | തറ |
| 2 | കെ.പി.നളിനി (xv) | 2,00,000 | 10-10-13 | 1,80,000 | 20,000 | മേൽക്കൂര |
| 3 | കെ.പി.ചന്ദ്രശേഖരൻ(xiv) | 2,00,000 | 10-10-13 | 1,40,000 | 60,000 | ലിന്റൽ |
| 4 | പാറാലിൽ പ്രസന്ന (xv) | 2,00,000 | 19-02-14 | 1,80,000 | 20,000 | മേൽക്കൂര |

പ്രോജക്ടിന്റെ പേര് : 72/16 ഭവന നിർമ്മാണം -പട്ടികജാതി

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വാർഡ് | യൂനിറ്റ് തുക | അവസാന ഗഡു കൈപ്പറ്റിയ തീയ്യതി | ആകെ കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|
| 1 | വി.മാധവി (v) | 3,00,000 | 19-04-16 | 1,20,000 | 1,80,000 | ലഭ്യമല്ല |
| 2 | പി.വി.ബിന്ദു (iv) | 3,00,000 | 19-04-16 | 1,20,000 | 1,80,000 | ലഭ്യമല്ല |

ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-16 മൂണ്ടേരി പക്ഷിസങ്കേതം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ&പേര് : 96/16 മുണ്ടേരി പക്ഷിസങ്കേതത്തിന് ഗേറ്റും നടപ്പാതയും (സ്പിൽ ഓവർ)

അടങ്കൽ : 3,00,000/-(2,00,000/- തനത് ഫണ്ട്,1,00,000/-ബ്ലോക്ക് വിഹിതം)

ചെലവ് : 2,79,507/-

ചെക്ക് നമ്പർ : 1) 006104/07-07-15(കോ- ഓപ്. ബാങ്ക്) 1,37,923/-
2) 1512287/06-3-15 (ട്രഷറി) 1,41,584/-
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അളവുപുസ്തകം നമ്പർ : 16/14

കരാർ തീയ്യതി : 26-02-14

പ്രസ്തുത പ്രവൃത്തി നിർവ്വഹണം ഓഡിറ്റിന് വിധേയമാക്കിയതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പ്രസ്തുത പ്രവൃത്തി നടത്തിയ സ്ഥലം (ഗേറ്റ്, തെങ്ങിൻകുറ്റി സ്ഥാപിച്ച സ്ഥലം) ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതായും പക്ഷിസങ്കേതത്തിന് നിയമാനുസൃത അനുമതി ലഭ്യമായതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. എഗ്രിമെന്റ് രജിസ്റ്റർ പേജ് 61പ്രകാരം 31-03-14 ആണ് പൂർത്തീകരണ കാലാവധി. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 02-03-15 നാണ്.

3. 2012 ലെ കേരളപൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ-2112 പ്രകാരം പ്രവൃത്തിസമയ ദീർഘീകരണത്തിനായി കരാർ കാലാവധി അവസാനിക്കും മുൻപെ അപേക്ഷിക്കേണ്ടതാണെന്നും കാലദീർഘീകരണം കരാർ പ്രകാരം പ്രവൃത്തിക്കനുവദിക്കപ്പെട്ട സമയത്തിന്റെ 50% ത്തിൽ അധികമാവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ 3-3-2014 ന് പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞ് 6 മാസങ്ങൾക്ക് ശേഷമാണ് (30-09-14ന്) സമയദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയോടെ അപേക്ഷ സമർപ്പിക്കുന്നതും കരാർ പ്രകാരമുള്ള പ്രവൃത്തി കാലയളവിന്റെ നിരവധി മടങ്ങ് (28-02-15 വരെ ) സമയം പിഴ കൂടാതെ ഭരണസമിതി ദീർഘിപ്പിച്ചു നൽകുന്നതും

4. പക്ഷികൾക്കു ഇരിപ്പിടത്തിനുള്ള തെങ്ങിൻകുറ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിച്ചു കിട്ടാത്തതാണ് പ്രവൃത്തി വൈകുവാൻ കാരണമായി കരാറുകാരൻ അപേക്ഷയിൽ വ്യക്തമാക്കിയത്. ഗേറ്റും പക്ഷികൾക്ക് ഇരിപ്പിടവും സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3,00,000/-രൂപയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. (884/aee/ekd/13-14/28-01-14) എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് അംഗീകാരം നേടുകയും കരാറുകാരന് 03-03-2014 ന് സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി അംഗീകാരം നേടിപ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം കൈമാറിയതിന് ശേഷം സ്ഥലനിർണ്ണയം നടത്തിയില്ല എന്ന കാരണത്താൽ പ്രവൃത്തി വൈകുന്നത് യുക്തിസഹമല്ല.

പ്രവൃത്തി നിർവ്വഹണത്തിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. പ്രസ്തുതസ്ഥലം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1,54,854 | പാലിയേറ്റീവ് പരിചരണ പദ്ധതി | 1,54,854 | 0 |
| | 2,60,100 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,60,100 | 0 |
| ജില്ലാ പഞ്ചായത്ത് | 2,23,925 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,23,925 | 0 |
| ജില്ലാ പഞ്ചായത്ത് | 12,545 | പാലിയേറ്റീവ് പരിചരണ പദ്ധതി | 12,545 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|---|
| സ്ട്രീറ്റ്ലൈറ്റിനായി ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | 21500933 | 12,32,000 | 12,31,815 | പ്രവൃത്തി നടന്നുവരുന്നു. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ഇനം | തുക നൽകിയ നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | തുക |
|---|---|---|---|

| | | | |
|---|---|---|---|
| | എൻ.ആർ.ഇ.ജി.എ. | 1)21500840/10.02.16<br>2)21500841/10.02.16<br>3)21500842/10.02.16<br>4)21501022/23.03.16<br>5)21501023/23.3.16<br>6)21501024/23.3.16<br>7)21501025/23.3.16<br>8)21501026/23.3.16<br>9)21501098/30.3.16 | 24,000<br>13,000<br>13,000<br>12,000<br>1,000<br>6,000<br>12,000<br>6,000<br>2,400 |
| | | ആകെ | രൂ.89,400 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 7,24,29,165 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 7,64,79,018 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 1,66,806 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 20,98,205 |

*റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,59,950 | ശ്രീ. സജീവൻ .സി.പി ,സെക്രട്ടറി |
| 3-12 | 5,900 | ഡോ. ഹരീഷ്. പി. മെഡിക്കൽ ഓഫീസർ .പി.എച്ച്.സി |
| 3-14 | 956 | ഡോ. സ്മിജ.പി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 1,66,806 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക,

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 12,31,815 | ശ്രീ. സി.പി.സജീവൻ, സെക്രട്ടറി |
| 3-7 | 65,000 | ശ്രീ. സി.പി.സജീവൻ ,സെക്രട്ടറി |
| 3-10 | 80,292 | ശ്രീ. പി. സദാനന്ദൻ, സെക്രട്ടറി |
| 3-11 | 6,61,098 | ശ്രീ. പി. കരുണാകരൻ, എച്ച്. എം. |
| 3-12 | 60,000 | ഡോ. ഹരീഷ്. പി. മെഡിക്കൽ ഓഫീസർ .പി.എച്ച്.സി |
| ആകെ | 20,98,205 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-3

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ശ്രീ. സജീവൻ.സി.പി<br>സെക്രട്ടറി | സെക്രട്ടറി,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത് | ചന്ദ്ര വിലാസ്,<br>ചെറുമാവിലായി.<br>പി.ഒ.മാവിലായി |
| ശ്രീ. ഹരീഷ്. പി<br>മെഡിക്കൽഓഫീസർ,<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത്<br>(പി.എച്ച്.സി) | പുളിയിൽഹൗസ്<br>വലിയന്നൂർ<br>വാരം പി.ഒ |
| ശ്രീമതി സ്മിജ.പി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | | |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്./സി.9/863/01 തീ.21-01-02 | 3 |
| 2001-02. | എൽ.എഫ്.കെ.എൻ.ആർ/സി.9 /1032/03തീ.12-09-03 | 1 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.1 /1246/06തീ.25-01-07 | 1 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.1 /1681/06തീ.09-05-07 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി1 /1610/07തീ.25-08-08 | 5 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.2 /1555/14(5)തീ.23-10-14 | 11 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.2 /1555/14(6)തീ.23-10-14 | 13 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/സി2/1187/15 തീ.01-09-15 | 10 |
| 2010-11 | എൽ.എഫ്.കെ.എൻ.ആർ/സി.2 | 8 |

| | | |
|---|---|---|
| 2011-12 | /1555/14(8) തീ.23-10-14 | |
| 2012-13<br>2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.2/247/16 തീ 03-03-2016 | 22 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1457/16 08-08-16 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി6/2188/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.

ഫോൺ: 0497 2707698.

ഇ-മെയിൽ: lfaddistofficeknr@gmail.com

തീയ്യതി: 04-01-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No. KSA/KNR/C6/2188/2016.

Kerala State Audit Department

District Audit Office, Kannur-670001.

Phone : 0497 2707698.

E-Mail : lfaddistofficeknr@gmail.com.

Date: 04-01-2017.

Certified that I have audited the Annual Financial Statement of Munderi Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Munderi Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

# Annexure-2

# Receipt & Payment Statement

Munderi Grama Panchayat

For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 27856714.50 |
| | Cash | RP-40(a) | 3399920.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1066760.00 |
| 130000000 | Rental Income from Panchayat Properties | RP- 3 | 6400.00 |
| 140000000 | Fees & User Charges | RP- 4 | 399928.00 |
| 150000000 | Sale & Hire Charges | RP- 5 | 278986.00 |
| 160000000 | Revenue Grants ,Funds, Contributions & Compensations | RP- 7 | 10778994.00 |
| 171000000 | Interest Earned | RP- 9 | 160268.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 55237840.00 |
| 350000000 | Other Liabilities | RP-36 | 13850.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 2000.00 |
| 311000000 | Earmarked Funds | RP-29 | 5055.00 |
| 340000000 | Deposits Received | RP- 34 | 142341.00 |
| 350000000 | Other Liabilities | RP- 36 | 155909.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3599834.00 |
| 460000000 | Loans,Advances and Deposits | RP- 47 | 581000.00 |
| Grand Total | | | 103685799.50 |

| Payments | | | |
|---|---|---|---|
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2843650.00 |
| 220000000 | Administrative Expenses | RP-12 | 871545.00 |
| 230000000 | Operatations & Maintanance | RP-13 | 770835.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3207305.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 34024904.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 417528.00 |
| 253000000 | Decentralised plan programme – Projects not included in Sector | RP-18 | 2760270.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 581920.00 |
| 255000000 | Maintanance Projects | RP-20 | 12535584.00 |
| 260000000 | Grants. Contributions and Compensations from Own Fund | RP-22 | 50391.00 |
| 280000000 | Prior period Item | RP-26 | 6985.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 1242157.00 |
| 350000000 | Other Liabilities | RP-36 | 7493899.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 53.00 |
| 272000000 | Depreciation | RP-25 | 0.00 |
| 280000000 | Prior period Item | RP-26 | 0.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 340000000 | Deposits Received | RP-34 | 184600.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1487967.00 |
| 410000000 | Fixed Assets | RP-38 | 3440225.00 |
| 412000000 | Capital Work In Progress | RP-40 | 3851800.00 |
| 460000000 | Loans,Advances and Deposits | RP-47 | 706400.00 |
| Closing Balance | | | |
| | Bank | RP-40(b) | 27074635.00 |
| | Cash | RP-40(b) | 132146.00 |
| Grand Total | | | 103685799.50 |

# Annexure-3

# Income & Expenditure Statement

Munderi Grama Panchayat

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,502,862.00 |
| 130000000 | Rental Income from panchayath properties | 1-3 | 47,023.00 |
| 140000000 | Fee &User charges | I-4(b) | 503,618.00 |
| 150000000 | Sale &Hire Charges | I-5(b) | 279,486.00 |
| 160000000 | Revenue Grants,Funds, Contributions&Compensations | I-6 | 102,175,521.00 |
| 171000000 | Interest Earned | I-8 | 160,268.00 |
| 180000000 | Other income | I-9 | 2,000.00 |
| A | Total Income | | 107,670,778.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 7,899,909.00 |
| 220000000 | Administrative Expenses | I-11(b) | 871,545.00 |
| 230000000 | Operations & Maintanance | I-12(b) | 770,835.00 |
| 240000000 | Interest & Finance Charges | I-13 | 53.00 |
| 250000000 | Decentralised Planprogramme – Productive Sector | I-14 | 6,588,349.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 37,671,452.00 |
| 2520000000 | Decentralised Planprogramme – Infrastructure Sector | I-14(b) | 418,016.00 |
| 253000000 | Decentralised Planprogramme – Projects not included in Sector Division | I-14(c) | 3,138,270.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 32,438,200.00 |
| 255000000 | Maintenance Projects | I-14(e) | 12,535,584.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15(a) | 50,391.00 |
| 272000000 | Depreciation | 1-16 | 4,859,683.00 |
| B | Total - Expenditure | | 107,242,287.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 428,491.00 |
| D=280000000 | Prior period Item | I-18 | 133,049.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 295,442.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Annexure-4

# Balace Sheet

Munderi Grama Panchayat

As on 31 March 2016

| Code No | Description of Items | ScheduleNo. | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 20,670,526.00 |
| 311000000 | Earmarked Funds | B-2 | 28,604.00 |
| 312000000 | Reserves | B-3 | 28,611,418.00 |
| | Total Reserve & surplus | | 49,310,548.00 |
| Grants,Contributions for specific purposes | | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 3,557,248.50 |
| Total Grants,Funds & Contributions for Specific Purposes | | | 3,557,248.50 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 417,663.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 852,377.00 |
| | Total Current Liabilities and Provisions | | 1,270,040.00 |
| | TOTAL LIABILIITIES | | 54,137,836.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 32,134,789.00 |
| 411000000 | Accumulated Depreciation | B-11 | (5,706,273.00) |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 26,428,516.00 |
| 420000000 | Investment | B-12 | 1,700.00 |
| | Total Investment | | 1,700.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 411,239.00 |
| 450000000 | Cash and Bank balance | B-17 | 27,206,781.50 |
| 460000000 | Loans, Advances and Deposits | B-18 | 89,600.00 |
| | Total Current Assets,Loans and Advances | | 27,707,620.50 |
| | Total Assets | | 54,137,836.50 |